# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുതുപ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി.പി1 /2048/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in

തീയ്യതി : 25.11.2016.

ഡപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പുതുപ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

കെഎസ്.എ.കെ.കെ.ഡി.പി1 /2048 /2016 തീയതി :25.11.2016.

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപേര് | ശ്രീ.സതീഷ് കുമാർ.കെ.കെ, ഡപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2016 മുതൽ 04.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.പ്രബോധ് കുമാർ.ഇ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷിപിൻ പീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ദിശ ആർ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആയിഷകുട്ടി സുൽത്താൻ | 01.04.2015മുതൽ 31.10.2015വരെ |
| | ശ്രീമതി.രജനി.പി (സെക്രട്ടറി i/c) | 01.11.2015മുതൽ 29.11.2015വരെ |
| | ശ്രീമതി.അംബിക മംഗലത്ത് | 30.11.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | ശ്രീ.അബ്ദു റഹിമാൻ.എം.കെ | 01.04.2015മുതൽ 12.10.2015വരെ |
| | ശ്രീമതി.രജനി.പി.(i/c) | 13.10.2015മുതൽ 21.02.2016വരെ |
| | ശ്രീ.അഭിലാഷ്.എ.എൻ | 22.02.2016മുതൽ 31.03.2016വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ.വിനുചന്ദ്ര ബോസ്. | കൃഷി ഓഫീസർ | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീമതി.മീര മോഹൻദാസ് | വെറ്ററിനറി സർജ്ജൻ | 01.04.2015മുതൽ 20.02.2016വരെ |
| ശ്രീ.എം.ജെ.ജോസഫ് | | 21.02.2016മുതൽ 31.03.2016വരെ |
| ഡോ.കേശവനുണ്ണി.എം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01.04.2015മുതൽ 14.10.2015വരെ |
| ഡോ.മായ.ടി.ഒ. | | 15.10.2015മുതൽ 07.11.2015വരെ |
| ഡോ.അബ്ബാസ്.കെ. | | 08.11.2015മുതൽ 31.03.2016വരെ |

| | | |
|---|---|---|
| ഡോ.ഇ.ജെ.സ്മിത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2015മുതൽ 31.03.2016വരെ |
| ഡോ.അമ്പിളി പ്രഭാകർ<br>ഡോ.സുമയ്യ.ടി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01.04.2015മുതൽ 30.06.2015വരെ<br>01.07.2015 മുതൽ 31.03.2016വരെ |
| ശ്രീ.വിനോദ് വർഗ്ഗീസ് | വി.ഇ.ഒ.1 | 01.04.2015മുതൽ 31.03.2016വരെ |
| ശ്രീ.സുരേഷ്.കെ.പി. | വി.ഇ.ഒ.2 | 01.04.2015മുതൽ 24.11.2015വരെ |
| ശ്രീ.ലിനീഷ്.എൻ. | ടി | 25.11.2015മുതൽ 28.01.2016വരെ |
| ശ്രീ.അഭിനേഷ് കുമാർ.കെ | ടി | 29.01.2016മുതൽ 31.03.2016വരെ |
| ശ്രീമതി.ദേവി.പി.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2015മുതൽ 31.07.2015വരെ |
| ശ്രീമതി.ശാന്തമ്മ.സി.വി | | 01.08.2015മുതൽ 31.03.2016വരെ |
| ശ്രീമതി.ഇന്ദിര.വി.പി. | | 01.04.2015മുതൽ 24.07.2015വരെ |
| ശ്രീ.സാമന്ദ് ഭദ്രൻ.സി.ഡി.(i/c) | | 25.07.2015മുതൽ 14.09.2015വരെ |
| ശ്രീ.മത്തായി.ടി.കെ. | ഹെഡ് മാസ്റ്റർ | 15.09.2015മുതൽ 31.03.2016വരെ |
| ശ്രീമതി.ആബിദ.ടി. | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2015മുതൽ 18.08.2015വരെ |
| ശ്രീമതി.രജനി.പി | | 19.08.2015മുതൽ 31.03.2016വരെ |
| ശ്രീ.ദേവദാസൻ.ടി. | അസിസ്റ്റന്റ് എൻജിനീയർ | 01.04.2015മുതൽ 31.12.2015വരെ |
| ശ്രീ.സി.എസ്.സുബീഷ്. | | 01.01.2016മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു


| | |
|---|---|
| ഭാഗം -1<br>പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം. |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 1-11 | അനുബന്ധ പത്രികകൾ |
| ഭാഗം-2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ. | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | വസ്തു നികുതിയിനത്തിൽ 35.31 ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി. |
| 2-3 | വസ്തുനികുതി കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചില്ല തുക കാലഹരണപ്പെടുന്നു |
| 2-4 | വസ്തു നികുതി പിരിവ് - നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നില്ല. |

| | |
|---|---|
| 2-5 | അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തി താമസിക്കുന്നവരിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. |
| 2-6 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. |
| 2-7 | സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവ് ഈടാക്കുന്നു. |
| 2-8 | പരസ്യനികുതി ലേല തുക കുടിശ്ശിക വരുത്തി - നിയമ നടപടികൾ പാലിച്ചില്ല. |
| 2-9 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിലെ അപാകതകൾ. |
| 2-10 | കെട്ടിട നിർമ്മാണ പെർമിറ്റില്ലാതെ ജില്ല പഞ്ചായത്ത് കാര്യാലയങ്ങൾ നിർമ്മിക്കുന്നു. |
| 2-11 | പഞ്ചായത്ത് പരിധിയിൽ വ്യാപാരികൾ ഡി &ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. |
| 2-12 | റിസോർട്ടുകളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല. |
| 2-13 | പഞ്ചായത്ത് ലൈബ്രറിയിലെ അംഗങ്ങളുടെ മാസവരി കുടിശ്ശിക 55,196 രൂപ ഈടാക്കിയില്ല,മറ്റ് അപാകതകളും |
| 2-14 | പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ബജറ്റ് തയ്യാറാക്കൽ, അവതരണം, അംഗീകാരം - നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല. |
| 3-2 | ഫണ്ട് വിനിയോഗത്തിലെ അപാകതകൾ |
| 3-3 | തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. |
| 3-4 | ഭവനരഹിതരായ ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ ഭവന പദ്ധതികൾ നടപ്പാക്കുന്നു. |
| 3-5 | പശ്ചിമഘട്ട വികസന പദ്ധതി ഫണ്ട് നിഷ്ക്രിയ ആസ്തിയാകുന്നു. |
| 3-6 | വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുമ്പോൾ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിക്കുന്നില്ല. |
| 3-7 | സർക്കാർ അനുമതി ലഭ്യമാക്കാതെ ഉയർന്ന പലിശ നിരക്കിൽ ഭവന പദ്ധതിക്ക് വായ്പയെടുത്തു. |
| 3-8 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. |
| 3-9 | ഐ.ആർ.സി. സ്പെഫിക്കേഷന് വിരുദ്ധമായി റോഡ് പ്രവൃത്തി നടത്തി. |
| 3-10 | ഡി.ആർ പേവിംഗിന് മുകളിൽ കോൺക്രീറ്റ് പ്രവൃത്തി - ഐ.ആർ.സി സ്പെസിഫിക്കേഷനു വിരുദ്ധം. |
| 3-11 | ക്രമ പ്രകാരമുള്ള ബിൽ ഹാജരാക്കിയില്ല - സർക്കാർ ഖജനാവിന് നഷ്ടം. |
| 3-12 | എം.പി.ഫണ്ട്, മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുക എന്നിവ വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല. |
| 3-13 | പെററി റിപ്പയർ വർക്ക്- സർക്കാർ നിർദ്ദേശവും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ നിർദ്ദേശവും പാലിച്ചില്ല. |
| 3-14 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ. |
| 3-15 | മുൻകൂർ പണം നൽകി 10 മാസം കഴിഞ്ഞിട്ടും ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് ലഭ്യമായില്ല. |
| 3-16 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 3-17 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു. |
| 3-18 | സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു. |
| 3-19 | നിയമവിരുദ്ധമായി പഞ്ചായത്തിൽ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു. |
| 3-20 | അസാധാരണ ചെലവിന്റെ വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കുന്നില്ല. |
| 3-21 | മുൻകൂറായി അനുവദിച്ച തുക ക്രമവൽകരിച്ചില്ല. |
| 3-22 | പഞ്ചായത്ത് പരിധിയിൽ അനധികൃതമായി താമസിക്കുന്നവർക്ക് താമസാനുവാദം നൽകുന്നു. |
| 3-23 | പ്രൊബേഷൻ പൂർത്തീകരിക്കാത്ത ജീവനക്കാർക്ക് രണ്ടാം ഇൻക്രിമെന്റ് നൽകി. |
| 3-24 | തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല. |

| | |
|---|---|
| 3-25 | സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം. |
| 3-26 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ. |
| ഭാഗം - 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തീയതി | പുതുക്കിയ തീരുമാന നം.തീയ്യതി, |
|---|---|
| 01/15-16, 27.03.2015 | 119/16, 16.03.2016 |

ബഡ്ജറ്റ് തയ്യാറാക്കിയതും, അംഗീകരിച്ചതുമായി ബന്ധപ്പെട്ട പൊതു പരാമർശങ്ങൾ ഭാഗം 3 ൽ ഖണ്ഡിക 1 ആയി ചേർത്തിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ഓഡിറ്റിൽ ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 23.07.2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,72,44,369 |
| തൻവർഷ വരവ് | 6,2388,625 |
| ആകെ വരവ് | 9,96,32,994 |

| | |
|---|---|
| ആകെ ചെലവ് | 9,07,60,952 |
| നിക്കിയിരിപ്പ് | 88,72,042 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3470114 | 8575753 | 12045867 | 12045867 | ---- |
| വികസന ഫണ്ട്(എസ്.സി.പി) | 3722385 | - | 3722385 | 3722385 | |
| വികസന ഫണ്ട്(ടി.എസ്.പി) | 447654 | - | 447654 | 447654 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 636091 | 8247948 | 8884089 | 8884089 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2998243 | 1864883 | 4863126 | 4863126 | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5393504 | 3308285 | 8701789 | 8701789 | |
| ലോക ബാങ്ക് സഹായം | 4959894 | ----- | 4959894 | 4959894 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 292566 | 24861482 | 25154048 | 25151657 | |

- വാർഷിക കണക്ക്, എ.സി.ആർ എന്നിവയിലെ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാണ് മേൽ പട്ടിക തയ്യാറാക്കിയിരിക്കുന്നത്.
- എ.സി.ആർ. പ്രകാരം പഞ്ചായത്തിന് ലഭിച്ച വികസന ഫണ്ട് വിഹിതം യഥാർത്ഥത്തിൽ 1,05,97,714/- രൂപയാണ്. എന്നാൽ തൻവർഷം 1,21,28,164/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് യഥാർത്ഥ വരവിനേക്കാൾ 15,30,450/- രൂപ അധികം ചെലവഴിച്ചു. മേൽ രീതിയിൽ ചെലവഴിക്കാൻ തുക ലഭ്യമായത് വ്യക്തമാക്കിയിട്ടില്ല. (വിശദവിവരം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പഞ്ചായത്ത് ഫണ്ടിന് നേരിട്ട് ലഭിക്കാതെ ഇ.എഫ്.എം.എസ്. മുഖേന ലഭിച്ച 2,10,89,000/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്താതിനാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 279 | 203 | 29 | 76 | ---- |

പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ചെലവഴിച്ചത് ഐ.കെ.എം. ചെലവ് പത്രികയിൽ രേഖപ്പെടുത്താത്തതിനാലും, തുടർ വർഷങ്ങളിലും പദ്ധതികൾ സ്പിൽഓവറായി നടപ്പാക്കുന്നതിനാലും പൂർത്തീകരിച്ചതായിട്ടുള്ള വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ തന്നെ പൂർത്തീകരിച്ച പദ്ധതികളുടെ

ശതമാനം കണക്കാക്കുവാൻ കഴിയുന്നതല്ല.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 1911550 | 908180 | 47.51 |
| വെറ്ററിനറി സർജ്ജൻ | 1 | 1 | 100000 | 99000 | 99 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 3 | 3 | 965000 | 801600 | 83.06 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ. | 10 | 8 | 30640000 | 14230000 | 46.44 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 4939181 | 3328176 | 67.38 |
| സെക്രട്ടറി | 14 | 7 | 7345000 | 2562373 | 34.88 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 2697500 | 2397500 | 88.87 |
| ഹെഡ് മാസ്റ്റർ | 4 | 3 | 2564000 | 900000 | 35.10 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | --- | 3975000 | ---- | --- |
| അസിസ്റ്റന്റ് എൻജിനീയർ | 230 | 169 | 79196949 | 42936772 | 54.21 |
| ആകെ | 279 | 203 | 134884180 | 68713601 | 50.94 |

<u>വാർഷിക കണക്കിലെ ആകെ വരവിനേക്കാളും തുക പദ്ധതിക്കായി വകയിരുത്തി.</u>

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക ബജറ്റ് പ്രകാരം ആകെ വരവ് 9,18,01,105/- രൂപയും, വാർഷിക കണക്ക് പ്രകാരം ആകെ വരവ് 9,96,32,994/- രൂപയുമാണ്. എന്നാൽ വാർഷിക പദ്ധതിക്കായി വകയിരുത്തിയത് 13,48,84,180/- രൂപയാണ്. അതായത് 3,52,51,186/- രൂപയാണ് പദ്ധതികൾക്കായി അധികം വകയിരുത്തിയിട്ടുള്ളത്. മേൽ വിശദാംശങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് തൻവർഷത്തേക്ക് വേണ്ടി തയ്യാറാക്കിയ ബജറ്റ് എസ്റ്റിമേറ്റ്, പദ്ധതി ചെലവ് കണക്കാക്കൽ എന്നിവയിൽ വീഴ്ച സംഭവിച്ചതായി കാണാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം

വകുപ്പ് 175 ൽ ഓരോ തലത്തിലുമുള്ള പഞ്ചായത്തുകളും തൊട്ടടുത്ത വർഷത്തേക്കുമുള്ള വികസന പദ്ധതികൾ, ആ സാമ്പത്തിക വർഷാരംഭത്തിനു വളരെ മുമ്പേ തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങണമെന്നും, വകുപ്പ് 214 ൽ അംഗീകാരം ലഭിച്ച പദ്ധതികൾ പരിഗണിച്ചു കൊണ്ട് വേണം പഞ്ചായത്തിന്റെ വാർഷിക ബജറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ടത്. എന്നാൽ ബജറ്റ് എസ്റ്റിമേറ്റ്, വാർഷിക പദ്ധതികൾ എന്നിവ തയ്യാറാക്കിയപ്പോൾ പഞ്ചായത്ത് രാജ് നിയമത്തിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചില്ല എന്നത് വ്യക്തമാണ്. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ പഞ്ചായത്തിന് ഓരോ വർഷവും വിവധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകും. മേൽ തുകയും പഞ്ചായത്തിന്റെ തനത് ഫണ്ടും, ലഭ്യമാകുവാൻ സാദ്ധ്യതയുള്ള മറ്റ് ഫണ്ടുകളും കണക്കാക്കി വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക പദ്ധതികളും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതായി. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം പ്രകാരം ഗ്രാമപഞ്ചായത്തിന് തൻവർഷം 279 പദ്ധതികൾ പൂർത്തീകരിക്കുവാനുണ്ടായിരുന്നെങ്കിലും 203 പദ്ധതികൾക്കാണ് തുക വിനിയോഗിക്കുവാൻ സാധിച്ചത്. 76 പദ്ധതികൾക്ക് തുക ചെലഴിക്കുവാൻ സാധിച്ചില്ല. ആസൂത്രണ നിർവ്വഹണ പ്രക്രിയകൾ കാര്യക്ഷമമാകാത്തതാണ് വിഭാവനം ചെയ്ത പല പദ്ധതികളും ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ പോയത്. വികസന പ്രവർത്തനത്തിനും ജനക്ഷേമത്തിനും വേണ്ടി ധനസ്രോതസ്സുകൾ പാഴാകുന്നത് ഗുരുതരമായി കാണേണ്ടതാണ്.

<u>വരവിൽ കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും പദ്ധതികൾക്കായി വകയിരുത്തി</u>

2013-14 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ തനതു വരുമാനമിനത്തിൽ മിച്ച വന്ന തുക ലഭ്യമായ തുക 58,68,164/- രൂപയും യാണ്. 2014-15 സാമ്പത്തിക വർഷത്തിൽ തനത് വരുമാനം ലഭിച്ചത് 2,38,17,088/- രൂപയും. (ഖണ്ഡിക 1-7 കാണുക). എന്നാൽ പദ്ധതികൾക്കായി തൻവർഷം വകയിരുത്തിയത് 2,22,21,271/- രൂപയും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതായ വികസനേതര, എസ്റ്റാബ്ലിഷ്മെന്റ്, കണ്ടിജന്റ്, അനിവാര്യ - പൊതു ചുമതലകൾ തുടങ്ങിയവക്കായി തുക മാറ്റി വച്ചതിനു ശേഷം മിച്ചമുള്ള തുക തനത് ഫണ്ട് സ്രോതസ്സായി പദ്ധതികൾക്കായി ഉൾപ്പെടുത്തണം എന്ന സർക്കാർ നിർദ്ദേശം പാലിക്കാതെയും പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത പരിശോധിക്കാതെയുമാണ് തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തിയത്. (വിശദവിവരം ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

<u>മരാമത്ത് പ്രവർത്തികളുടെ ആസൂത്രണം പ്രവർത്തനം.</u>

തൻവർഷം ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് മേഖലയിലാണ് കൂടുതൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതും നടപ്പാക്കിയതും. 230 പദ്ധതികൾക്കായി 7,91,96,949/- രൂപയാണ് വകയിരുത്തിയത്. ആകെ വാർഷിക പദ്ധതിയുടെ 58.71% തുക (13,48,84,180/-) ചെലവഴിക്കാൻ ചുമതലപ്പെടുത്തിയത് അസിസ്റ്റന്റ് എഞ്ചിനീയറെയാണ്. എന്നാൽ വകയിരുത്തിയ തുകയുടെ 54.2% മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ആകെയുള്ള 230 പദ്ധതികളിൽ 169 പദ്ധതികളാണ് നടപ്പാക്കുവാൻ കഴിഞ്ഞത്. മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിൽ മനസ്സിലാക്കുവാൻ കഴിഞ്ഞത് പദ്ധതികളുടെ ആധിക്യം കാരണമാണ് തുക ചെലഴിക്കുവാൻ എഞ്ചിനീയർക്ക് കഴിയാതെ പോയത്. മേൽ എഞ്ചിനീയറെ വിനിയോഗിച്ചാണ് പഞ്ചായത്തിലെ വിവിധ പെറ്റി വർക്കുകളും, കെട്ടിട, വീട് നിർമ്മാണ അനുബന്ധ ജോലികളും, കാലാകാലങ്ങളിൽ സർക്കാരുകളും, മേലുദ്യോഗസ്ഥരും നിർദ്ദേശ്ശിക്കുന്ന മറ്റ് ജോലികളും നടത്തുന്നത്. ഒരു മരാമത്ത് പ്രവൃത്തിയുടെ ആരംഭ ഘടകങ്ങളായ പ്ലാൻ, എസ്റ്റിമേറ്റ്, കണക്കുകൾ എന്നിവ തയ്യാറാക്കൽ തുടങ്ങി മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം അനുബന്ധ ജോലികൾ, ബിൽ തയ്യാറാക്കൽ, കരാറുകാർ/കൺവീനർമാർ എന്നിവർക്ക് ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് കൊടുക്കൽ എന്നിങ്ങനെ നീളുന്ന പ്രവർത്തനങ്ങൾ നടത്തുവാനുള്ളത് പഞ്ചായത്തിനു കൈമാറികിട്ടിയ ആകെ ഒരു എഞ്ചിനീയറും, ഓവർസിയറുമാണ്. മേൽ ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിന് ദൈനംദിന കാര്യങ്ങൽ നടത്തുവാൻ ദിവസവേതനാടിസ്ഥാനത്തിൽ ഒരാളെ നിയമിച്ചിട്ടുണ്ടെങ്കിലും പദ്ധതികളുടെ ആധിക്യം ആയതിൽ വലിയ മാറ്റം വരുത്തിയിട്ടില്ല. പഞ്ചായത്തിൽ ഇവരുടെ കാര്യാലയ പ്രവർത്തനങ്ങൾക്കുള്ള ഭൗതീക സാഹചര്യം ഒരുക്കിയത് വെറും 10എം2 ൽ താഴെയും. പ്രധാനപ്പെട്ട രേഖകൾ സൂക്ഷിച്ച് വെക്കുവാൻ പോലും ആവശ്യത്തിന് സ്ഥലം ഒരുക്കിയിട്ടില്ല. മേൽ വിശദീകരിച്ച കാരണങ്ങൾ കൊണ്ടും പദ്ധതികൾ നടപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയാതെ പോയതായും ഓഡിറ്റിൽ വിലയിരുത്തുന്നു.

കൃഷിയുടേയും കൃഷി അനുബന്ധ മേഖലകളുടേയും വികസനത്തിന് പദ്ധതികൾ തയ്യാറാക്കുമ്പോൾ തൊഴിലുറപ്പ് പദ്ധതിയുടെ പരമാവധി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണമെന്നും, പ്രസ്തുത പദ്ധതികൾ തൊഴിലുറപ്പ് പദ്ധതികളുടെ വാർഷിക കർമ്മപരിപാടിയിൽ ഉൾപ്പെടുത്തണമെന്നും പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിലൂടെ സർക്കാർ നിർദ്ദേശ്ശിച്ചെങ്കിലും ആയത് പാലിച്ചില്ല. തൻവർഷം 1535 പേർക്ക് (സ്ത്രീ - 1419, പുരുഷൻ - 116) തൊഴിലുറപ്പ് പദ്ധതിയിലൂടെ പഞ്ചായത്തിൽ നിന്നും തൊഴിൽ നൽകിയിട്ടുണ്ട്. ഇതിനായി കൂലിയിനത്തിൽ 2,10,89,000/- രൂപ ചെലവഴിച്ചെങ്കിലും പഞ്ചായത്ത് തലത്തിലും നേതൃത്ത്വതിലും കാർഷിക മേഖലിയിൽ പദ്ധതികൾ രൂപീകരിച്ചില്ല.

ഗുണഭോക്തൃ വിഹിതം ഉൾപ്പെടുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന തുക പദ്ധതി ചെലവായി ഐ.കെ.എം ചെലവ് പത്രികയിൽ രേഖപ്പെടുത്താത്തതിനാൽ ആകെ പദ്ധതി ചെലവ് ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞില്ല.

## 1-7 തനത് വരുമാനം.

ഓഡിറ്റ് വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 71,48,791 | 50,55,367 | 20,93,424 | (-)29.28 |
| നികുതിയേതര വരവുകൾ | 13,42,831 | 11,28,159 | 2,14,672 | (-)15.98 |
| മറ്റ് വരവുകൾ (പലിശ) | 95,860 | 1,51,766 | 55,906 | (+)58.32 |
| ആകെ | 85,87,482 | 63,35,292 | 22,52,190 | (-)26.22 |

## 1-8 ക്ഷേമപദ്ധതികൾ

| ക്രമ നം | ക്ഷേമപദ്ധതിയുടെ പേര് | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 16 | 14 | 2 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 42 | 42 | 7 |
| 3 | വിധവാ പെൻഷൻ | 87 | 82 | 4 |
| 4 | വികലാംഗ പെൻഷൻ | 21 | 21 | 3 |
| 5 | വാർദ്ധക്യകാല പെൻഷൻ | 396 | 204 | 29 |
| 6 | വിവാഹ ധനസഹായം | 14 | 14 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 26.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധന വേളയിൽ 21,672/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2016 20.10.2016 | 9/10 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/09/2010 | 2004-05 മുതൽ 2009-10 വരെ | No.LBA(HQ)VI/8A-1648/173, 29.10.2010 |

## 1-11 അനുബന്ധ പത്രിക.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

2015-16 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബജറ്റ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ ചെലവ് തുകയേക്കാൾ അധികമായി ചെലവഴിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം ആകെ ചെലവ് 6,40,84,214/- രൂപയും വാർഷിക കണക്ക് പ്രകാരം യഥാർത്ഥ ചെലവ് 9,07,60,952/- രൂപയുമാണ്. വരവിനത്തിൽ ബജറ്റ് പ്രകാരം ആകെ വരവ് 9,18,01,025/- രൂപയും, വാർഷിക കണക്ക് പ്രകാരം യഥാർത്ഥ വരവ് 9,96,32,994/- രൂപയുമാണ്.
2. എ.സി.ആർ. പ്രകാരം ഗ്രാമപഞ്ചായത്തിന് 2015-16 വർഷത്തിൽ ലഭിച്ച വികസന ഫണ്ട് വിഹിതം യഥാർത്ഥത്തിൽ 1,05,97,714/- രൂപയാണ്. എന്നാൽ തൻവർഷം 1,21,28,164/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് യഥാർത്ഥ വരവിനേക്കാൾ 15,30,450/- രൂപ അധികം ചെലവഴിച്ചു. മേൽ രീതിയിൽ ചെലവഴിക്കാൻ തുക ലഭ്യമായത് വ്യക്തമാക്കിയിട്ടില്ല.
3. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
4. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, എന്നിവ നിശ്ചിത മാതൃകയിൽ സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

5. സഞ്ചയ സോഫ്റ്റ് വെയർ സാംഖ്യ സോഫ്റ്റ് വെയറുമായി ഇന്റഗ്രേറ്റ് ചെയ്യാത്തതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിനു 2015-16 സാമ്പത്തിക വർഷത്തിൽ ലഭ്യമാകേണ്ട ഡിമാന്റ് തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല.
6. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി.ആന്റ്.ഒ. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്റർ, കെട്ടിട വാടക ഡിമാന്റ് രജിസ്റ്റർ, ലേലം ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി കാലികമാക്കിയിട്ടില്ല.
7. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.
8. കൃഷി ഓഫീസർ മുഖേന നടപ്പാക്കുന്ന പശ്ചിമഘട്ട വികസന പദ്ധതിയുടെ വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.
9. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.
10. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
11. വാർഷിക കണക്കിൽ ലോൺ ഇനത്തിൽ (ഇ.എം.എസ് ലോൺ)15,00,000/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ പ്രസ്തുത വിവരം ചേർത്തിട്ടില്ല.
12. പരസ്യ നികുതിയിനത്തിൽ 2014-15 വർഷം മുൻകൂറായി 24,000/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ 2015-16 ലെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ അഡ്വാൻസായി ബുക്ക് ചെയ്തിട്ടില്ല.
13. സൃഷ്ടിക്കപ്പെട്ട എല്ലാ ആസ്തികളുടേയും മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതിയിനത്തിൽ 35.31 ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി.

ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് വസ്തുനികുതി. പഞ്ചായത്ത് രാജ് നിയമങ്ങളിലും, ചട്ടങ്ങളിലും, വ്യവസ്ഥ ചെയ്യുന്ന പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു കുതി ചുമത്തുകയും വേണം. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 21 വാർഡുകളിൽ നിന്നായി 35,31,898/- രൂപ കുടിശ്ശിക ഈടാക്കുവാനുണ്ട് (ഓഡിറ്റ് കാലയളവ് പ്രകാരം). 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും

ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട നിയമാനുസൃത നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ സെക്ഷൻ ക്ലാർക്കുമാരുടേയും മേൽനോട്ട ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശികയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട നികുതി കാലതാമസം വരുത്താതെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചില്ല തുക കാലഹരണപ്പെടുന്നു.

പഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്നും വർഷങ്ങളായി വസ്തുനികുതി ഈടാക്കാത്തതിന്റെ നികുതി തുക അടവാക്കാത്തവർക്കെതിരെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (ഓഡിറ്റ് കാലയളവ് വരെയുള്ള കണക്കുകൾ)

| ഉടമസ്ഥന്റെ പേര്, കെട്ടിട തരം | കെട്ടിട നമ്പർ | വർഷം | നികുതി കുടിശ്ശിക | ലൈബ്രറി സെസ്സ് | പിഴ | ആകെ |
|---|---|---|---|---|---|---|
| ശ്രീ.ജോസഫ് തോമസ്, പടിഞ്ഞാറെ മേമന, ആച്ചി റിസോർട്ട് പുതുപ്പാടി | 9/143 B 1<br>9/143C 1<br>9/143 D<br>9/143 E<br>9/143 F<br>9/143 G<br>9/143 H<br>9/143 I<br>9/143 J<br>9/143 K<br>9/143 L | 2011-12<br>2012-13<br>2013-14<br>2014-15<br>2015-16<br>2016-17 (1st half) | 241243<br>219989<br>266544<br>266544<br>266544<br>133272 | 12696<br>11578<br>13327<br>13327<br>13327<br>5331 | 849176<br>514775<br>373162<br>186581<br>63971 | 1103115<br>746342<br>653033<br>466452<br>343842<br>138603 |
| | | | 1394136 | 69586 | 1987665 | 3451387 |
| നികുതി അടവാക്കാത്തതിനെ തുടർന്ന് 27.12.2013 ന് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. ഡിമാന്റ് നോട്ടീസിൽ നികുതിതുക 15 ദിവസത്തിനകം അടച്ചില്ലെങ്കിൽ ജപ്തി/ പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കും എന്ന് മുന്നറിയിപ്പ് കൊടുത്തിരുന്നു. തുടർന്ന് 11.02.2014 ന് R.R. നോട്ടീസും, 31.03.2014 ന് ടിയാന്റെ സ്ഥാപനത്തിൽ ജപ്തി നോട്ടീസും പതിച്ചിരുന്നു. | | | | | | |
| മാനേജർ ക്രംബ് ഫാക്ടറി | 5/680<br>5/681 | 2009-10 മുതൽ 2012-13 വരെ | 34656 | 1740 | 5920 | 42316 |

| | | | | | | |
|---|---|---|---|---|---|---|
| | 5/682<br>5/683<br>5/684 | 2013-14 മുതൽ 2016-17 വരെ<br>(1st half) | 40724 | 2129 | 7779 | 50632 |
| | | | 75380 | 3869 | 13699 | 92948 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം പഞ്ചായത്ത് ഫണ്ടിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തിയ്യതി മുതൽ 3 വർഷം കഴിഞ്ഞാൽ തുക കാലഹരണപ്പെടും. ആയതിനാൽ 2013-14 വർഷം വരെയുള്ള നികുതി കാലഹരണപ്പെട്ടു കഴിഞ്ഞു. ഈ തുക ഈടാക്കാൻ ഇനി ജപ്തി/പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ കഴിയില്ല. വകുപ്പ് 243(3) പ്രകാരം തുക കാലഹരണപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ച മൂലമാണെങ്കിൽ കാലഹരണപ്പെട്ട തുക 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ കാലഹരണപ്പെട്ട തുക 12% പലിശ സഹിതം പ്രസ്തുത കാലയളവിലെ പിരിവ് ഉദ്യോഗസ്ഥർ, സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി പിരിവ് - നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നില്ല.

04.06.2013 ലെ (എം.എസ്)നമ്പർ 210/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തുകളിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ നടത്തി കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ട സമയക്രമങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 14.01.2011 മുതൽ നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് പ്രസ്തുത തീയ്യതി മുതലും, 14.01.2011 ന മുമ്പ് നിർമ്മിച്ചവയും നിലവിൽ പഞ്ചായത്ത് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതുമായ കെട്ടിടങ്ങൾക്ക് 01.04.2013 മുതൽ പ്രാബല്യത്തിലും പുതിയ നിരക്കിലുള്ള നികുതി നിരക്കുകൾ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി പരിഷ്കരണം നടത്തി പുതിയ രീതിയിൽ നികുതി ഈടാക്കുന്നതിനായി 18.10.2011 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചതിന്റെ [നം.04/(1)] അടിസ്ഥാനത്തിൽ കെട്ടിട ഉടമകളോട് വസ്തു നികുതി റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് പൊതു നോട്ടീസ് സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നുണ്ടെങ്കിലും, പഞ്ചായത്തിൽ

സൂക്ഷിക്കേണ്ട വസ്തു നികുതി നിർണ്ണയ റിട്ടേൺ രജിസ്റ്റർ (ഫോറം നം.3), വസ്തു നികുതി നിർണ്ണയ (അസ്സസ്സ്മെന്റ്) രജിസ്റ്റർ (ഫോറം.4), വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ തുടങ്ങിയവ മാന്വലായോ, കമ്പ്യൂട്ടർ പ്രിന്റഡ് രജിസ്റ്ററോ സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയ ഉടമസ്ഥർക്ക് ഒക്യുപെൻസി നൽകി പരിശോധന നടത്തി കെട്ടിട നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്ന വിവരം സോഫ്റ്റ് വെയർ മുഖാന്തിരം ചെയ്യുന്നുണ്ടെങ്കിലും ആയതിന്റെ നടപടിക്രമങ്ങൾ ഉൾപ്പെട്ട ഫയലുകളിൽ (കാര്യാലയക്കുറിപ്പിൽ) വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയൽ ആകെ 13263 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ, 3420 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ, 17മൊബൈൽ ടവറുകൾ എന്നിങ്ങനെ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ വസ്തു നികുതി നിർണ്ണയ (അസ്സസ്സ്മെന്റ്) രജിസ്റ്റർ (ഫോറം.4) പൂർത്തിയാക്കാത്തതിനാൽ മേൽ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം തരം, വസ്തു നികുതി നിരക്ക് തുടങ്ങിയവ പരിശോധിക്കാനായിട്ടില്ല. പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ വിന്യസിച്ചിട്ടുണ്ടെങ്കിലും ആയതിൽ ഓഡിറ്റ് വിഭാഗത്തിന് ലോഗിൻ ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ കെട്ടിട ഉടമകൾ സമർപ്പിക്കുന്ന വസ്തുനികുതി റിട്ടേണുകൾ സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സൂക്ഷ്മമായി പരിശോധിച്ച്, റിട്ടേണിൽ പറയുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി കെട്ടിട ഉടമ സ്വയം നിർണ്ണയിച്ചിരിക്കുന്നത് വ്യവസ്ഥകൾക്ക് അനുസൃതമാണെന്ന് ബോദ്ധ്യപ്പെട്ടാൽ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ, വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കെട്ടിട ഉടമ സമർപ്പിച്ച വസ്തുനികുതി റിട്ടേണിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ 6 മാസത്തിനകം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്ത് പോയി ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം സ്ഥിരപ്പെടുത്തി/ ഭേദഗതി ചെയ്ത് ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. [2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.12 (1,4) കാണുക].

വസ്തുനികുതി പിരിവിനായി നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററുകൾ ഉപയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-5 അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തി താമസിക്കുന്നവരിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം.20(1) പ്രകാരം പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ നടത്തി കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ട സമയക്രമങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ രേഖപ്പെടുത്തുന്നതിനായി ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ലെങ്കിലും പഞ്ചായത്ത് പരിധിയിൽ അനധികൃതമായി താമസിക്കുന്നവർക്ക് താമസാനുവാദം ആവശ്യപ്പെട്ട് ഉടമസ്ഥർ നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ താൽകാലികമായ രജിസ്റ്ററിൽ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2012 മുതൽ ഓഡിറ്റ് കാലയളവു വരെ 17 പേർക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പുറമ്പോക്ക്, റവന്യൂ ഭൂമികളിൽ സെക്രട്ടറി താമസാനുവാദം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ വിഭാഗക്കാരിൽ നിന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം വസ്തു നികുതി ഈടാക്കുന്നില്ല. താമസാനുവാദം നൽകിയവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | വീടിന്റെ വിസ്തീർണ്ണം | താൽകാലിക കെട്ടിട നം | ഭൂമി തരം |
|---|---|---|---|---|
| 1 | ശ്രീമതി.ഫാത്തിമ.വി.എ. | 39ച.മീ | ടി.1/16/2012 | പുറമ്പോക്ക് |
| 2 | ശ്രീ.ഹക്കീം കുട്ടോത്ത് | 60ചമീ | ടി.2/5/2012 | പുറമ്പോക്ക് |
| 3 | ശ്രീ.ഇ.അഹമ്മദ് | 90ച.മീ | ടി.3/15/2014 | പട്ടയമില്ല |
| 4 | ശ്രീമതി.സുബൈദ | 40ച.മീ | ടി.4/15/2015 | പട്ടയമില്ല |
| 5 | ശ്രീമതി.കദീജ | 109ച.മീ | ടി.6/15/2015 | പുറമ്പോക്ക് |
| 6 | ശ്രീ.മജീദ് | 40ച.മീ | ടി.7/15/2015 | പുറമ്പോക്ക് |
| 7 | ശ്രീ.നാസർ | 30ച.മീ | ടി.8/15/2015 | പുറമ്പോക്ക് |
| 8 | ശ്രീ.കെ.കെ.മുഹമ്മദ് | 40ച.മീ | ടി.9/15/2015 | പുറമ്പോക്ക് |
| 9 | ശ്രീ.വി.കെ.മുഹമ്മദ് | 99ച.മീ | ടി.10/15/2015 | പട്ടയമില്ല |
| 10 | ശ്രീ.മുഹമ്മദ് | 74.83ച.മീ | ടി.5/15/2015 | പട്ടയമില്ല |
| 11 | ശ്രീ.ശ്രീധരൻ | 40ച.മീ | ടി.11/15/2015 | പുറമ്പോക്ക് |
| 12 | ശ്രീമതി.സാബിറ | 40ച.മീ | ടി.12/15/2015 | പുറമ്പോക്ക് |
| 13 | ശ്രീ.അബൂബക്കർ | 40ച.മീ | ടി.13/15/2015 | പുറമ്പോക്ക് |
| 14 | ശ്രീ.കെ.ജി.ബാവു | 26ച.മീ | ടി.14/15/2015 | പുറമ്പോക്ക് |
| 15 | ശ്രീ.അബ്ദുള്ള | 40ച.മീ | ടി.15/15/2015 | പുറമ്പോക്ക് |
| 16 | ശ്രീ.അബ്ദുൾ അസീസ് | 40ച.മീ | ടി.16/15/2015 | പുറമ്പോക്ക് |
| 17 | ശ്രീ.ജയകുമാർ.സി | 110ച.മീ | ടി.17/15/2015 | പുറമ്പോക്ക് |

അനധികൃതമായി താമസിക്കുന്നവരുടെ കെട്ടിടങ്ങളെ കുറിച്ച് വ്യക്തമായ വിവരശേഖരണം

ലഭ്യമായിട്ടും ചട്ടത്തിൽ വ്യവസ്ഥ ചെയ്ത തരത്തിൽ വസ്തു നികുതി ഈടാക്കാതിരുന്നതിന് നിയമ ലംഘനമാണ്. പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമി കയ്യേറിയതിന്റെയും, അനുമതിയില്ലാതെ കെട്ടിട നിർമ്മാണം നടത്തിയതിന്റെയും നിജസ്ഥിതി പരിശോധിച്ച് പ്രസ്തുത കെട്ടിട ഉടമസ്ഥനെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് ശുപാർശ ചെയ്യേണ്ടതും അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് നിർമ്മാണ കാലയളവ് മുതൽ പൊളിച്ച് മാറ്റുന്ന കാലയളവ് വരെയുള്ള വസ്തു നികുതി ഈടാക്കേണ്ടതുമാണ്. (യഥാർത്ഥത്തിൽ ലഭിക്കേണ്ട വാർഷിക വസ്തു നികുതിയും രണ്ടിരട്ടിയും). നടപടിക്രമങ്ങളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാനൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസ്റ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മാലിന്യ നിർമ്മാർജ്ജനം | 47,946 |
| തെരുവ് വിളക്ക് കത്തിക്കൽ | 5,08,622 |
| ജലവിതരണം | 1,16,107 |
| ആകെ | 6,72,675 |

നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതും, അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 2-7 സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവ് ഈടാക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2015-16 സാമ്പത്തിക വർഷത്തിൽ സി.ബി.എസ്.ഇ. അഫിലിയേഷനോടു കൂടി പ്രവർത്തിക്കുന്ന മാർ ബസേലിയസ് ഇംഗ്ലീഷ് സ്കൂൾ, ഈങ്ങാപ്പുഴ, മർക്കസ് പബ്ലിക് സ്കൂൾ, കൈതപൊയിൽ എന്നീ സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയീടാക്കിയപ്പോൾ കുറവ് വന്നിട്ടുണ്ട്. 1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യുക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്ക്കർഷിക്കുന്നത് ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശംപള സ്കെയിലിലെ വേതനവും, മറ്റു ആനുകൂല്യങ്ങളും നൽകണമെന്നാണ്. [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക].

എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേൽ പറഞ്ഞ സി.ബി.എസ്.ഇ സ്കൂൾ അധികൃതർ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശംപളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും ആനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയത്. ഇത് തൊഴിൽനികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിനും നഷ്ടം വരുത്തിയിട്ടുണ്ട്. സ്ഥാപനമേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, റിട്ടേണുകളുടെ കൃത്യത പരിശോധിക്കാതെ നികുതി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## **2-8** <u>പരസ്യ നികുതി ലേല തുക കുടിശ്ശിക വരുത്തി - നിയമ നടപടികൾ പാലിച്ചില്ല.</u>

<u>ഫയൽ നം. എ.6-1772/2015</u>

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ പ്രദർശിപ്പിച്ച/സ്ഥാപിച്ച പരസ്യങ്ങളിൽ നിന്നും നികുതി പിരിക്കുന്നതിനായി 10.02.2015 ന് പൊതു ലേലം നടത്തുകയും ലേലത്തിൽ വിജയിയായ ശ്രീ.വി.ഷബീർ, ഷബീഗർ, പെരിങ്ങാടി (പി.ഒ), ന്യൂ മാഹി (ലേലതുക 81,000/-) എന്നവർക്ക് 01.04.2015 മുതൽ 31.03.2018വരെയുള്ള 3 വർഷ കാലയളവിൽ നിശ്ചിത നിരക്കിൽ പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം നൽകി. (ഭരണസമിതിയുടെ അംഗീകാരം 4/2015, 16.02.2105) ശ്രീ.വി.ഷബീർ ലേല തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അടവാക്കിയ തുക | രശീതി നം | തീയ്യതി |
|---|---|---|
| 3,000 | 114041-03363 | 10.02.2015 |
| 5,000 | 11404500040 | 07.03.2015 |
| 16,000 | 11404500043 | 10.03.2015 |
| 24,000 | | |

പരസ്യ നികുതി പിരിവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് വകുപ്പ് 256 പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യാപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കുമാണ് കുത്തകയ്ക്ക് കൊടുക്കാവുന്നത്. എന്നാൽ പഞ്ചായത്ത് പരിധിയിലെ പരസ്യം പിരിക്കുന്നതിന് ശ്രീ.വി.ഷബീർ എന്നവർക്ക് 01.04.2015 മുതൽ 31.03.2018 വരെയാണ് അനുവാദം കൊടുത്തത് (3 വർഷകാലയളവ്).
2. പഞ്ചായത്ത് പരിധിയിലെ പരസ്യങ്ങളുടെ എണ്ണം, പരസ്യ ബോർഡുകൾ, ആയവയുടെ വലിപ്പം, പരസ്യങ്ങൾ പ്രദർശിപ്പിച്ച സ്ഥലങ്ങൾ, ഉടമസ്ഥന്റെ പേര്, പഞ്ചായത്തിൽ നിന്നും പരസ്യം

പ്രദർശിപ്പിക്കുവാൻ സെക്രട്ടറി അനുമതി നൽകിയ പത്രികകൾ, ബൈലായുടെ അംഗീകാരങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

3. ശ്രീ.വി.ഷബീർ എന്നവരുമായി പഞ്ചായത്ത് സെക്രട്ടറി രേഖാമൂലമുള്ള കരാർ ചമച്ചില്ല. 1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി പ്രസ്തുത വ്യക്തിയുമായി 1959ലെ കേരള മുദ്രപത്ര നിയമത്തിലെ ബന്ധപ്പെട്ട വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മുദ്രപത്രത്തിൽ രേഖാമൂലം കരാറിൽ ഏർപ്പെടേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം, ജോലി പൂർത്തീകരിക്കേണ്ട തീയതി തുടങ്ങിയവ അതത് സംഗതി പോലെ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

4. 81,000/- രൂപക്ക് പരസ്യ നികുതി പിരിക്കുന്നതിനായി ശ്രീ.വി.ഷബീർ എന്നവർക്ക് അനുമതി നൽകിയെങ്കിലും ഓഡിറ്റ് കാലയളവ് വരെയും 24,000/- രൂപ മാത്രമാണ് അടവാക്കിയത്. ലേല നോട്ടീസ് പ്രകാരം ലേല സമയത്ത് കെട്ടിവച്ച തുകയടക്കം ലേലതുകയുടെ പകുതി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും ബാക്കിയുള്ള തുക ആഗസ്റ്റ്.31, നവംമ്പർ.30 എന്നീ തീയ്യതികളിൽ രണ്ടു തുല്യഗഡുക്കളായി അടവാക്കണം. എന്നാൽ ശ്രീ.വി.ഷബീർ. ലേല തുക പൂർണ്ണമായും അടവാക്കുവാൻ വീഴ്ച വരുത്തി. ആയതിന് പഞ്ചായത്തിൽ നിന്നും നടപടി സ്വീകരിച്ചില്ല.

പരസ്യ നികുതിയിനത്തൽ പഞ്ചായത്ത് ഫണ്ടിന് കുടിശ്ശിക വരുത്തിയ തുക 57,000/- രൂപ നിയമാനുസൃത പലിശ സഹിതം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ പരസ്യങ്ങളുടെ എണ്ണം, പരസ്യ ബോർഡുകൾ, ആയവയുടെ വലിപ്പം, പരസ്യങ്ങൾ പ്രദർശിപ്പിച്ച സ്ഥലങ്ങൾ, ഉടമസ്ഥന്റെ പേര്, പഞ്ചായത്തിൽ നിന്നും പരസ്യം പ്രദർശിപ്പിക്കുവാൻ സെക്രട്ടറി അനുമതി നൽകിയ പത്രികകൾ, ബൈലായുടെ അംഗീകാരങ്ങൾ തുടങ്ങിയവ സഹിതം മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. നിലവിൽ പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പ്രദർശിപ്പിച്ച പരസ്യങ്ങൾക്ക് ഉത്തരവാദികളായവരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 257(1), പട്ടിക.6 പ്രകാരം 500/- രൂപ പിഴ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-9 <u>കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിലെ അപാകതകൾ.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1)പട്ടിക 3 പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, വകുപ്പ് 235എ, 235ബി, 235എഫ്, 235പി, 235ഡബ്ല്യൂ, 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2008 ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണം

നിയമം, ചട്ടങ്ങൾ, സർക്കാർ അതതു കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ നിയന്ത്രണത്തിന് ആധാരം. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ ലഭിച്ച കെട്ടിട നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയ അപേക്ഷകളിൻ മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ, സമിതികളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തരത്തിൽ അപാകതകൾ കാണുന്നു.

<u>പഞ്ചായത്ത് പരിധിയിലെ റോഡുകളുടെ തരംതിരിവ് നടത്തിയിട്ടില്ല.</u>

16.04.2007 ലെ 15018/സി.1/97/ത.ഭ.വ നമ്പർ സർക്കുലറിലൂടെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ 220 (ബി) 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 28 പ്രകാരവും പഞ്ചായത്ത് പരിധിയിൽ ബാധകമാക്കേണ്ട ഓരോ റോഡിന്റെയും പ്രാധാന്യം, വികസന സാധ്യത തുടങ്ങിയവ ഉൾപ്പെടുത്തി തയ്യാറാക്കിയ റോഡ് ലിസ്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി വിജ്ഞാപനം ചെയ്യണം. അപ്രകാരം വിജ്ഞാപനം ചെയ്ത റോഡ് ലിസ്റ്റ് വ്യാപകമായ പരസ്യം നൽകി അതിനുശേഷം പ്രസ്തുത റോഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയുള്ള എല്ലാ റോഡുകളോടും ചേർന്ന് കിടക്കുന്ന ഭൂമിയിൽ റോഡുകളുടെ തരം തിരിവിനനുസരിച്ച് (തെരുവുകളുടെ മധ്യ രേഖയിൽ നിന്ന്) കെട്ടിട നിർമ്മാണം നിരോധിക്കേണ്ടതും പ്രസ്തുത നിരോധനം കർശനമായും പാലിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലൂടെ കേന്ദ്ര, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതും, പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതുമായ പാതകൾ കടന്നു പോകുന്നതിനാൽ 1999 ലെ കേരള ഹൈവേ സംരക്ഷണ നിയമവും ബാധകമാണ്. എന്നാൽ മേൽ നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ റോഡുകളുടെ മേഖലവിഭജനവും തരംതിരിവും നടത്തിയിട്ടില്ല.

<u>കെട്ടിട നിർമ്മാണ അനുമതി നൽകൽ- സമയക്രമം പാലിക്കുന്നില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഫ്, 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിൽ അല്ലാത്ത ഒരു കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യുന്നതിന് ഏതെങ്കിലും ആൾ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അയാൾ കെട്ടിട സ്ഥാനത്തിന്റെ അംഗീകാരത്തിനായി സ്ഥലത്തിന്റെ സൈറ്റ് പ്ലാനോടുകൂടി രേഖാമൂലമായ ഒരു അപേക്ഷയും, പണി നടത്തുന്നതിനുള്ള അനുവാദത്തിനായി തറയുടെ പ്ലാൻ, കെട്ടിടത്തിന്റെ പൊക്കം, അതിന്റെ വിഭാഗങ്ങൾ, പണിയുടെ വിവരണം എന്നിവയോടുകൂടി രേഖാമൂലമായ അപേക്ഷയും നൽകേണ്ടതാണ്. ചട്ടം 11 പ്രകാരം സെക്രട്ടറി 30 ദിവസത്തിനകം രേഖമൂലമായ ഉത്തരവ് മുഖേന ഒന്നുകിൽ കെട്ടിട നിർമ്മാണ അനുമതി നൽകുകയോ അല്ലെങ്കിൽ

ഏതെങ്കിലും കാരണങ്ങളിന്മേൽ അത് നൽകുവാൻ വിസമ്മതിക്കുകയോ ചെയ്യേണ്ടതും, വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ നിയനത്തില വ്യവസ്ഥ ചെയ്ത തരത്തിൽ സമയക്രമം പാലിച്ചല്ല കെട്ടിട നിർമ്മാണ അനുമതി നൽകുന്നത്.

കെട്ടിട നിർമ്മാണങ്ങളുടെ പൂർത്തീകരണവും, ഓക്യൂപെൻസി നൽകലും.

കെട്ടിട നിർമ്മാണങ്ങൾക്കായി പഞ്ചായത്തിൽ നിന്നും അപേക്ഷകർക്ക് അനുവദിക്കുന്ന പെർമിറ്റുകളുടെ കാലാവധിക്കുള്ളിൽ തന്നെ ഭൂരിഭാഗം അപേക്ഷകരും കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിക്കുകയോ, റഗുലറൈസ് ചെയ്യുകയോ നടത്തുന്നുണ്ട്. കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിച്ചതായി ഉടമസ്ഥർ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുമ്പോൾ ആയത് പരിശോധിച്ച് പരമാവധി വേഗത്തിൽ ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് കെട്ടിട നമ്പർ നൽകുന്നതിനും, നികുതി ഈടാക്കുന്നതിനുമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും മതിയായ ജീവനക്കാരുടെ അഭാവം, പഞ്ചായത്തിലെ ദൈനംദിന ജോലികളുടെ ആധിക്യം കാരണവും സമയപരിധി പാലിക്കുവാൻ പൂർണ്ണമായി കഴിഞ്ഞിട്ടില്ല.

കെട്ടിട നിർമ്മാണ അപേക്ഷകളുടെ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടില്ല.

04.10.2013 ലെ (സാധാ)2465/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണങ്ങൾക്കായിട്ടുള്ള അപേക്ഷകൾക്ക് അനുമതി നൽകുമ്പോൾ ഐ.കെ.എം. വികസിപ്പിച്ച " സങ്കേതം " സോഫ്റ്റ് വെയർ വിന്യസിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും മേൽ നിർദ്ദേശം ഓഡിറ്റ് കാലയളവുവരേയും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. 16.12.2013 ലെ 73576/ആർ.എ.-1/2013 നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകളെക്കുറിച്ചുള്ള വിവരങ്ങൾ, കെട്ടിട നിർമ്മാണാനുമതി, അവ നൽകുന്നതിലെ കാലതാമസം തുടങ്ങിയവ സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും ആയതും നടപ്പാക്കിയിട്ടില്ല.

നെൽവയൽ-തണ്ണീർതടങ്ങളടങ്ങിയ സ്ഥലങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയില്ല.

2008 ലെ കേരള നെൽവയൽ - തണ്ണീർതട സംരക്ഷണ ചട്ടങ്ങൾ 24.12.2008 ലെ (പി) 443/2008/ റവന്യൂ നമ്പർ ഉത്തരവിലൂടെ സർക്കാർ കേരള ഗസ്റ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (S.R.O.No.1255/2008). മേൽ ചട്ടങ്ങളിലെ ചട്ടം.4 പ്രകാരം ഓരോ പ്രാദേശികതല നിരീക്ഷണ സമിതിയും ചട്ടം നിലവിൽ വരുന്ന തീയ്യതി മുതൽ 3 മാസത്തിനകം തങ്ങളുടെ അധികാര പരിധിയിലുള്ള പ്രദേശത്ത് ഉൾപ്പെട്ടു വരുന്ന നിലവിലുള്ള കൃഷി യോഗ്യമായ നെൽവയലുകളുടേയും തണ്ണീർതടങ്ങളുടേയും, സർവ്വേ നമ്പരും, വിസ്തൃതിയും ഉൾപ്പടെയുള്ള വിശദവിവരങ്ങൾ അടങ്ങിയ ഡേറ്റാ ബാങ്ക് തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട

തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. സെക്രട്ടറി അത് ഒരു വിജ്ഞാപനമായി കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണ്ടതും പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഡാറ്റാ ബാങ്കിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാവണം പ്രസ്തുത തരത്തിൽ സ്ഥലങ്ങളുള്ള ഉടമസ്ഥർക്ക് താമസാവശ്യത്തിനുള്ള വീടു വയ്ക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കുവാൻ. പ്രാദേശികതല നിരീക്ഷണ സമിതിയിൽ ഗ്രമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, കൃഷിഓഫീസർ കൺവീനറുമാണ്.

എന്നാൽ മേൽ നിയമം പ്രാബല്യത്തിൽ വന്ന് 8 വർഷം കഴിഞ്ഞിട്ടും ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് ഉൾപ്പെട്ടു വരുന്ന നെൽവയലുകളുടേയും തണ്ണീർതടങ്ങളുടേയും വിശദവിവരങ്ങൾ അടങ്ങിയ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടില്ല. ഡാറ്റാ ബാങ്ക് തയ്യാറാക്കാതെയാണ് ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് പ്രസ്തുത രീതിയിലുള്ള സ്ഥലങ്ങളിലെ കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നത്. ആയത് ചട്ടവിരുദ്ധമായ നടപടിയാണ്. കേരളത്തിലെ നെൽവയലുകളുടേയും തണ്ണീർതടങ്ങളുടേയും സംരക്ഷണത്തിനായി സംസ്ഥാന നിയമസഭ അംഗീകരിച്ച് നടപ്പിലാക്കുവാൻ നിർദ്ദേശിച്ച നിയമ വ്യവസ്ഥകൾ പാലിക്കാതെ കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നത് നിയമ വ്യവസ്ഥകളോടുള്ള അവഗണനയായിട്ടേ ഓഡിറ്റിൽ വിലയിരുത്തുവാൻ കഴിയൂ.

നെൽവയൽ നികത്തൽ വ്യാപകമാകുന്നു.

കേരളത്തിൽ ഏറ്റവും അധികം മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് പുതുപ്പാടി. ഇവിടുത്തെ ഭൂപ്രകൃതി ഉയർന്ന പശ്ചിമഘട്ട പ്രദേശങ്ങൾ മിതമായ ചെരുവുള്ള മൊട്ടകുന്നുകൾ സമതല പ്രദേശങ്ങൾ വയൽ പ്രദേശങ്ങൾ എന്നിങ്ങനെ നാലു വിഭാഗത്തിൽ ഉൾപ്പെടുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിലെ നെൽപാടങ്ങൾ വ്യാപകമായി നികത്തപ്പെട്ടു കൊണ്ടിരിക്കുകയാണ്. 31.07.2008 ലെ 45846/ആർ.1/08 ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സെക്രട്ടറി, അസി.എഞ്ചിനീയർ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച നഞ്ച കമ്മിറ്റിയുടെ പരിശോധനക്ക് ശേഷമാണ് നിലം നികത്തുന്നതിന് അനുമതി നൽകുന്നതും കൃഷിയിടങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതെങ്കിലും പഞ്ചായത്ത് പരിധിയിൽ വ്യാപകമായി വയൽനികത്തൽ തുടരുന്നുണ്ട്. നെൽവയലുകളും തണ്ണീർതടങ്ങളും സംരക്ഷിക്കുന്നതിനായും, നികത്തുന്നത് തടയുന്നതിനായും മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടാണ് 2008 ലെ നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം നിയമസഭ പാസ്സാക്കിയത്. എന്നാൽ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ പഞ്ചായത്ത് അധികാരികൾ തന്നെ വിമുഖത കാണിക്കുന്നു.

കെട്ടിട നികുതി അടവാക്കൽ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

1975 ലെ കേരള കെട്ടിടനികുതി നിയമം വകുപ്പ് 5 പ്രകാരം നിർമ്മാണം പൂർത്തീകരിച്ച പുതിയ കെട്ടിടങ്ങൾക്ക് ഒറ്റതവണ കെട്ടിട നികുതിയുടെ ആദ്യഗഡു റവന്യൂ വകുപ്പിൽ അടച്ചതിന്റെ പകർപ്പോ മറ്റ് രേഖകളോ, വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രമേ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും നമ്പർ അനുവദിക്കാവൂ. എന്നാൽ മേൽ നിയമ വ്യവസ്ഥകൾ പാലിച്ചല്ല പഞ്ചായത്ത് പരിധിയിലെ പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നത്.

## **2-10** സെക്രട്ടറിയുടെ അനുമതിയില്ലാതെ ജില്ല പഞ്ചായത്ത് അധികാരികൾ കെട്ടിടം നിർമ്മിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4(1)(2) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഏതൊരാളും സെക്രട്ടറിയിൽ നിന്നും ആദ്യമേ തന്നെ ഒരു അനുവാദപത്രം (Permit) കെട്ടിട നിർമ്മാണ പെർമിറ്റ് കരസ്ഥമാക്കാതെ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കെട്ടിടത്തിന് വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ചട്ടം 4(3) പ്രകാരം ഒരു കെട്ടിടത്തിനെ ഒരു ഒക്യൂപൻസി (വിനിയോഗ) വിഭാഗത്തിൽ നിന്നും മറ്റൊരു ഒക്യൂപൻസി വിഭാഗമായി മാറ്റുമ്പോഴും സെക്രട്ടറിയുടെ മുൻകൂർ അനുമതി വാങ്ങിച്ചിരിക്കണം.

ചട്ടം.5(2), 6 എന്നിവ പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ ഏതെങ്കിലും ഭൂവികസനമോ പുനർവികസനമോ നടത്തുന്ന സംഗതിയിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അനുബന്ധം.AA ലെ ഫോറത്തിൽ സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ നൽകേണ്ടതും അപേക്ഷയോടൊപ്പം ചട്ടത്തിൽ നിർദ്ദേശിക്കും പ്രകാരം ആവശ്യമായ പ്ലാനുകൾ, ഡ്രോയിംഗുകൾ, പത്രികകൾ എന്നിവയുടെ മൂന്ന് പകർപ്പുകൾ, ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന പ്രമാണങ്ങൾ, ചീഫ് ആർക്കിടെക്റ്റ് അല്ലെങ്കിൽ നിർമ്മാണങ്ങളുടെ ചുമതല വഹിക്കുന്ന എഞ്ചിനിയീർ നൽകിയ സർട്ടിഫിക്കറ്റിന്റെ കോപ്പി തുടങ്ങിയ വിശദാംശങ്ങൾ സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ചട്ടം. 7(2) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പ് ഏതെങ്കിലും കെട്ടിടനിർമ്മാണത്തിന്റെ കാര്യത്തിൽ അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ, നിർമ്മാണം ആരംഭിക്കുന്നതിന് മുപ്പത് ദിവസം മുമ്പ് നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനുകളുടെ ഒരു സെറ്റും ഈ പ്ലാൻ നഗരാസൂത്രണ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ വികസന പ്ലാനുകൾക്ക് അനുരൂപമാണെന്നും മുഖ്യ ആർക്കിടെക്റ്റ് അല്ലെങ്കിൽ നിർമ്മാണ ചുമതല വഹിക്കുന്ന എഞ്ചിനിയീർ നൽകിയ സർട്ടിഫിക്കറ്റോടു കൂടി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

ചട്ടം.9(ii) പ്രകാരം പഞ്ചായത്ത് പരിധിയിൽ വരുന്ന സർക്കാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണങ്ങൾക്ക് ഇളവ് നൽകിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മേൽ വിവരിച്ചതും കെട്ടിട നിർമ്മാണവുമായി മറ്റ് വ്യവസ്ഥകളും നിലനിൽക്കെയാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങാതെ ജില്ല പഞ്ചായത്ത് വിഭാഗം പുതുപ്പാടി ഹൈസ്കൂളിൽ കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നത്. 283.66 ച.മീറ്ററിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ മേൽനോട്ടം നടത്തുന്നത് ഗ്രാമപഞ്ചായത്തിൽ നിയമിതനായ അസിസ്റ്റന്റ് എഞ്ചിനീയറാണ്. ചട്ടം. 21(1) പ്രകാരം സെക്രട്ടറിയുടെ അനുമതി വാങ്ങാതെ ഏതെങ്കിലും കെട്ടിടം പണിയുകയോ, ഏതെങ്കിലും പണി ആരംഭിക്കുകയോ, നടത്തികൊണ്ടിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ അത് ഉടൻ നിർത്തിവെയ്ക്കുവാൻ ഒരു ഉത്തരവ് വഴി ആവശ്യപ്പെടാവുന്നതാണ്. എന്നാൽ മേൽ ചട്ടത്തിലെ വ്യവസ്ഥകളും അധികാരങ്ങളും നടപ്പാക്കുന്നതിൽ സെക്രട്ടറിയും വീഴ്ച വരുത്തി.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിട നിർമ്മാണം അധികൃതമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-11 പഞ്ചായത്ത് പരിധിയിൽ വ്യാപാരികൾ ഡി &ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിലേക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ വ്യാപാര സ്ഥാപനങ്ങൾക്ക് അനുവദിച്ച ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസിനത്തിൽ ആകെ ലഭ്യമായ വാർഷിക തുകയുടെ സംഗ്രഹം പരിശോധിച്ച് തയ്യാറാക്കിയിട്ടില്ല.
2. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
3. വസ്തുനികുതി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം 3420 ആണ്. ഡി &ഒ രജിസ്റ്റർ പ്രകാരം 404സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളൂ. 1996 ലെ കെ.പി.ആർ (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.7പ്രകാരം മുഴവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻ ഫീ ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരികളും ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ടെന്ന്

ഉറപ്പ് വരുത്തേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കി ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിക്കേണ്ടതുമാണ്.

## 2-12 റിസോർട്ടുകളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല.

1965 ലെ കേരള പ്ലെയ്സസ് ഓഫ് പബ്ളിക് റിസോർട്ട് ചട്ടങ്ങളിലെ ചട്ടം 28(2) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധികളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും എല്ലാ വർഷങ്ങളിലും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഓഡിറ്റ് വർഷങ്ങളിലെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം വാർഡ് 18ൽ ഹിൽവ്യൂ റിസോർട്ട് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത റിസോർട്ട് മേൽ വിവരിച്ച ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത് ഫീസ് അടവാക്കിയതിന്റെ വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കി വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതും, പഞ്ചായത്ത് പരിധിയിൽ മറ്റ് റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണ്.

## 2-13 പഞ്ചായത്ത് ലൈബ്രറിയിലെ അംഗങ്ങളുടെ മാസവരി കുടിശ്ശിക 55,196 രൂപ ഈടാക്കിയില്ല, മറ്റ് അപാകതകളും

ഗ്രാമപഞ്ചായത്ത് ലൈബ്രറിയുമായി ബന്ധപ്പെട്ട ഫയലുകൾ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ലൈബ്രറിയിലെ മാസവരി രജിസ്റ്റർ പ്രകാരം 1992 മുതൽ 2015-16 വർഷം വരെ 270 അംഗങ്ങളിൽ നിന്നായി കുടിശ്ശികയിനത്തിൽ 55,196 രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. അംഗങ്ങളിൽ നിന്നും വരിസംഖ്യ കുടിശ്ശിക ഈടാക്കുന്നതിനായി പഞ്ചായത്ത് ലൈബ്രേറിയൻ 01.08.2009 ന് നടപടി സ്വീകരിച്ചിരുന്നെങ്കിലും നാമമാത്രമായ തുക മാത്രമേ ഈടാക്കാൻ കഴിഞ്ഞുള്ളൂ. കുടിശ്ശിക ഈടാക്കുന്നതിനായി പിന്നീട് തുടർനടപടികളൊന്നും സ്വീകരിച്ചില്ല.

2. ലൈബ്രറി നടത്തിപ്പിനെ സംബന്ധിച്ച് ഒരു ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് സർക്കാറിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല.

3. ആക്സഷൻ രജിസ്റ്റർ പ്രകാരം നിലവിൽ ലൈബ്രറിയിൽ ആകെ 3341 പുസ്തകങ്ങളാണുള്ളത്. ഇതിൽ ഏതാനും പുസ്തകങ്ങൾ കാലപഴക്കത്താൽ ഉപയോഗ ശൂന്യവുമാണ്. മാർച്ച് 2013 നു ശേഷം പുതിയ പുസ്തകങ്ങളൊന്നും തന്നെ വാങ്ങിയിട്ടില്ല.

4. ഗ്രാമപഞ്ചായത്ത് ലൈബ്രറി ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളൊന്നും

സ്വീകരിച്ചില്ല.

5. നിലവിൽ ലൈബ്രറിയിലെ സജീവ അംഗങ്ങളുടെ എണ്ണം 50 ൽ താഴെ മാത്രമാണ്. ലൈബ്രറി അംഗത്വം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

മേൽ സാഹചര്യത്തിൽ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈബ്രറിയിലെ പുസ്തകങ്ങളുടെ എണ്ണവും സജീവ അംഗങ്ങളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 2-14 പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 169, ഉപവകുപ്പ് (5) പ്രകാരം പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതും നിക്ഷിപ്തമായിട്ടുള്ളതും ആയ ഏതെങ്കിലും ഭൂമി, അത് പുറമ്പോക്കായിരുന്നാലും അല്ലെങ്കിലും ഏതെങ്കിലും ആൾ പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ കൈവശപ്പെടുത്തുന്നത് നിയമ വിരുദ്ധമായ നടപടിയാണ്. വകുപ്പ് 218(1) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ പഞ്ചായത്ത് ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവാവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരുന്നവ ഉൾപ്പെടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, ആയവ കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട

കർത്തവ്യങ്ങൾ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം സെക്രട്ടറിക്ക്, പ്രസിഡന്റിന്റെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ, വസ്തുവിനെ സംബന്ധിച്ചുള്ള വിവരം നൽകാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങിനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ഓഫീസർ പാലിക്കേണ്ടതുമാണ്.

ആയതിനാൽ നിയമപരമായി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാകേണ്ട ഭൂമികൾ ഏതെല്ലാമാണെന്ന് കണ്ടെത്തി ഏറ്റെടുത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബജറ്റ് തയ്യാറാക്കൽ, അവതരണം, അംഗീകാരം - നിയമാനുസൃത നടപടികൾ സ്വീകരിച്ചില്ല.

2015-16സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2015 ലെ ഭരണസമിതി യോഗത്തിലും (തീരുമാനം നം.1/15) പുതുക്കിയ ബജറ്റ് 16.03.2016 ലെ ഭരണസമിതി യോഗത്തിലും അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. ബജറ്റ് തയ്യാറാക്കിയതിലേയും, ഭരണസമിതി അംഗീകരിച്ചതിന്റേയും നടപടിക്രമങ്ങൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 2014-15 സാമ്പത്തിക വർഷത്തിൽ വാർഷിക കണക്ക് പ്രകാരം നീക്കയിരിപ്പുണ്ടായിരുന്ന തുക 3,72,44,369/- രൂപയാണ്. വാർഷിക കണക്ക് ജൂലായ് 2015 ന് ഭരണസമിതി അംഗീകരിക്കുകയും ഓഡിറ്റിൽ സമർപ്പിച്ചതുമാണ്. എന്നാൽ 2015-16 ലെ വാർഷിക ബജറ്റ് പുതുക്കിയപ്പോൾ മുന്നിരിപ്പായി രേഖപ്പെടുത്തിയ തുക 3,53,75,731/- രൂപയാണ്. (വ്യത്യാസം വന്ന തുക 18,68,638/-). 16.03.2016 ലെ യോഗത്തിൽ വാർഷിക ബജറ്റ് പുതുക്കിയപ്പോൾ പഞ്ചായത്തിൽ മുന്നിരിപ്പായി ലഭ്യമായ തുക എത്രയെന്ന് പരിശോധിക്കുവാൻ ധനകാര്യ വിഭാഗത്തിന് കഴിഞ്ഞില്ല.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് വരുന്ന വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതെങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 214 (5) പ്രകാരം ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു

ബജറ്റ് തയ്യാറാക്കി, പഞ്ചായത്ത് ഭരണസമിതി മുമ്പാകെ വച്ച് അംഗീകാരം വാങ്ങണം. എന്നാൽ 16.03.2016 ഭരണസമിതി യോഗത്തിൽ 2015-16 വർഷത്തിലെ ബജറ്റ് പുതുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കാര്യകാരണങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | 27.03.2015 ലെ ബജറ്റ് പ്രകാരം | 16.03.2016 ലെ ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 27,54,600 | 35375731 | 37244369 |
| തൻവർഷ വരവ് | 13,63,93,100 | 56425294 | 62388625 |
| ആകെ വരവ് | 16,39,39,100 | 91801025 | 99632994 |
| ആകെ ചെലവ് | 16,19,31,400 | 64084214 | 90760952 |
| നിക്കിയിരിപ്പ് | 20,07,700 | 27716811 | 8872042 |

3. വാർഷിക കണക്കുകളിലെ വരവ് ചെലവ്, ബജ്ജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. ഇതിൽ നിന്നും വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യാൻ പഞ്ചായത്തിലെ ധനകാര്യ വിഭാഗത്തിന് കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും ആയതിന്റെയടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതെ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.

4. 2015-16സാമ്പത്തിക വർഷത്തെ ബജറ്റ് തൻവർഷത്ത പുതുക്കിയ വാർഷിക ബജറ്റ് പ്രകാരം ആകെ വരവ് 9,18,01,105/- രൂപയും, വാർഷിക കണക്ക് പ്രകാരം ആകെ വരവ് 9,96,32,994/- രൂപയുമാണ്. എന്നാൽ വാർഷിക പദ്ധതിക്കായി വകയിരുത്തിയത് 13,48,84,180/- രൂപയാണ്. അതായത് പഞ്ചായത്തിന്റെ യഥാർത്ഥ വരവിനേക്കാൾ 3,52,51,186/- രൂപയാണ് പദ്ധതികൾക്കായി അധികം വകയിരുത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കേണ്ട അടിസ്ഥാന തത്ത്വങ്ങൾ പാലിച്ച് നിയമാനുസൃതമായ നടപടികളിലൂടെ ഭരണസമിതി മുൻപാകെ

അവതരിപ്പിച്ച് അംഗീകരിക്കേണ്ടതാണ്.

## 3-2 ഫണ്ട് വിനിയോഗത്തിലെ അപാകതകൾ.

2015-16 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (വികസന ഫണ്ട്-ജനറൽ) പരിശോധിച്ചതിൽ ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതമായി 3,13,603/- രൂപ, 13,44,843/- രൂപ എന്നീ തുകകൾ യഥാക്രമം പ്രാരംഭ നീക്കിയിരിപ്പായിട്ടുണ്ട്. എന്നാൽ ഈ തുകകൾ 2014-15, 2015-16 ലെ വാർഷിക കണക്കുകൾ പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിഹിതം ഏത് വർഷമാണ് മേൽ സ്ഥാപനങ്ങളിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ചതെന്നോ ഏത് പ്രോജക്ട് നടപ്പിലാക്കുന്നതിനു വേണ്ടിയാണോ എന്ന വിവരം വ്യക്തമല്ല. 2014-15 വർഷത്തിനു മുൻപ് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ ചെലവഴിച്ചില്ലെങ്കിൽ അതാത് സ്ഥാപനത്തിന് തിരിച്ചടക്കേണ്ടതായിരുന്നു. എന്നാൽ ഈ തുകകൾ ചെലവഴിക്കാതെ വികസന ഫണ്ട് (ജനറൽ) അക്കൗണ്ടിൽ നിക്ഷേപിക്കുകയാണുണ്ടായത്. 31.03.2016 ന് മേൽ ഗ്രാന്റ് ഉൾപ്പെടുന്ന തുക (28,94,388/-) ട്രഷറി തിരികെ അടവാക്കി നീക്കിയിരുപ്പ് പൂജ്യമാക്കിയിട്ടുണ്ട്.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം VPFA-II(a) യിൽ നിന്നും 2015-16 വർഷം 15,30,450/- രൂപ വികസന ഫണ്ടിൽ നിന്നും കൂടുതൽ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിന്റെ (ജനറൽ) ട്രഷറി സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ 01.09.2015 മുതൽ 25.09.2015 വരെയുള്ള തീയതികളിൽ വികസനഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 29,76,685/- രൂപയുടെ വിശദാംശം ട്രഷറി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ ചെലവ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ചതായാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചത്. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 30.07.2015 ൽ 14,48,153/- രൂപ നീക്കിയിരുപ്പ് ഉള്ളപ്പോഴാണ് 29,76,685/- രൂപയുടെ ചെലവ് ഗ്രാമപഞ്ചായത്ത് നടത്തുന്നത്. എന്നാൽ എ.സി.ആർ പ്രകാരം 30.07.2015 നുള്ള നീക്കിയിരുപ്പ് 85,75,753/- രൂപയാണ്. എസ്. സി.പി, ടി.എസ്.പി, കെ.എൽ.ജി.എസ്.ഡി.പി, സി.എഫ്.സി എന്നീ ഫണ്ടിനങ്ങളിലുള്ള നീക്കിയിരുപ്പ് തുക VPF-II(a) യിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് 31.10.2015 നാണെങ്കിലും എ.സി.ആർ പ്രകാരം 2015-16 വർഷം ആരംഭം മുതൽ പ്രസ്തുത തുക തെറ്റായി വരവ് വെച്ചു. അപാകതകൾ പരിശോധിച്ച് വിശദീകരണം നൽകേണ്ടതും പഞ്ചായത്തിനു ലഭ്യമായ ഫണ്ടുകളുടെ വരവ് ചെലവ് കണക്കുകൾ ക്രമപ്പെടുത്തി ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 3-3 തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തൽ - സർക്കാർ നിർദ്ദേശം

<u>പാലിച്ചില്ല.</u>

16.11.2013ലെ (എം.എസ്)363/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7(iii) പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പുതുക്കിയ മാർഗ്ഗരേഖ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിൽ തനത്ഫണ്ട് സ്രോതസ്സ് ഉൾപ്പെടുത്തേണ്ടത് എങ്ങിനെയെന്ന് വിശദീകരിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതു ചുമതലകൾ തുടങ്ങിയവ നിറവേറ്റുന്നതിനായി തുക മാറ്റി വച്ചതിനു ശേഷം മിച്ചമുള്ള തുക തനത്ഫണ്ട് സ്രോതസ്സായി പദ്ധതികൾക്കായി ഉൾപ്പെടുത്തണം. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമായ തനതുഫണ്ടിൽ നിന്നും (മുന്നിരിപ്പ് ഉൾപ്പെടെ) പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുള്ളത് മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. 2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ തനത്ഫണ്ടിന്റേയും, പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി തനത്ഫണ്ട് വകയിരുത്തി ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകൾ, ഐ.കെ.എം.പദ്ധതി ചെലവ് പത്രികകൾ, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരമാണ്)

<u>തനത് ഫണ്ട് വരവ്</u>

| | |
|---|---|
| മുൻബാക്കി | 45,33,104 |
| നികുതി വരവുകൾ | 50,55,367 |
| നികുതിയേതര വരവുകൾ | 11,28,159 |
| പലിശ | 1,51,766 |
| ജനറൽ പർപ്പസ് ഫണ്ട് (മുന്നിരിപ്പ്) | 61,34,471 |
| ജനറൽ പർപ്പസ് ഫണ്ട് (തൻവർഷ വരവ്) | 1,12,93,089 |
| ആകെ വരവ് | 2,82,95,956 |

മുൻബാക്കിയിനത്തിൽ രേഖപ്പെടുത്തിയതിൽ പഞ്ചായത്തിന് ലഭിച്ച വിവിധയിനങ്ങളിലെ ഡപ്പോസിറ്റ് തുക, വിവിധ പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുക ഉൾപ്പെടുന്നവയാണ്. തനത് ഫണ്ടിനത്തിൽ എത്ര രൂപ പഞ്ചായത്തിന് നീക്കിയിരിപ്പുണ്ടെന്ന് രേഖകളിൽ നിന്നും ലഭ്യമല്ല.

| എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | ഭരണപരമായ ചെലവുകൾ | ഓപ്പറേഷൻ & മെയിന്റനനസ് | മറ്റ് ചെലവുകൾ | ആകെ |
|---|---|---|---|---|
| 84,06,254 | 11,74,441 | 9,63,547 | 4,56,038 | 1,10,00,280 |

പദ്ധതികൾക്കായി തനത് ഫണ്ട് വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|
| 2,22,21,271 | 1,12,37,222 |

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് തനത്ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ വികസനേതര എസ്റ്റാബ്ലിഷ് മെന്റ് കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതു ചുമതലകൾ തുടങ്ങിയവ നിറവേറ്റുന്നതിനായി ചെലവഴിച്ചതിനു ശേഷം മിച്ചമുള്ള തുക 1,72,95,676/- രൂപയാണ്. എന്നാൽ പദ്ധതികൾക്കായി തനതുഫണ്ടിൽ നിന്നും വകയിരുത്തിയത് 2,22,21,271/- രൂപയാണ്. മാർഗ്ഗ രേഖയിലെ ഖണ്ഡിക 7(iv)പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച തനത്ഫണ്ട് തുകയുടെ 10% ത്തിൽ അധികരിച്ച തുക (2013-14 വർഷത്തെ ആസ്പദമാക്കി) അടുത്ത സാമ്പത്തികവർഷ പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കണം. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയും, പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത പരിശോധിക്കാതെയും തനത്ഫണ്ട് പദ്ധതികൾക്കായി വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 ഭവനരഹിതരായ ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ ഭവന പദ്ധതികൾ നടപ്പാക്കുന്നു.

ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്ന നിരാശ്രയരും, നിരാലംബരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കര കയറ്റുന്നതിനും, അവരുടെ പുനരധിവാസം നടത്തുന്നതിനുമായിട്ടാണ് പത്താം പഞ്ചവൽസര പദ്ധതിയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയ ആശ്രയ പരിപാടിയുടെ നടത്തിപ്പിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചത്. [സ.ഉ.(എം.എസ്)71/2003/പ്ലാനിംഗ്, തീയ്യതി.12.11.2003, സ.ഉ(എം.എസ്)12/2010/ത.സ്വ.ഭ.വ]. 28.01.2004 ലെ 1344/എ.1/2004/പ്ലാനിംഗ് നമ്പർ സർക്കുലറിലൂടെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് മറ്റ് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രക്രിയ ബാധകമല്ലെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

16.11.2013 ലെ (എം എസ്) 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുബന്ധം 14 ഖ. 6.7(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യരേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവ് അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. (ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലും ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി സ്ഥലം, ഭവനം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പാക്കിയ കാരുണ്യ ഭവനപദ്ധതിയിൽ 105 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ നടപ്പാക്കിയ ഇ.എം.എസ്.ഭവന പദ്ധതിയിലും മേൽ ഗുണഭോക്താക്കളെ പരിഗണിച്ചിട്ടില്ല. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സ്ഥലം, ഭവനം എന്നിവ ലഭ്യമാക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| | 1st പ്രൊജക്ട്, 2005 | 2nd പ്രൊജക്ട്, 2013 |
|---|---|---|
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 18 | 7 |
| നാളിതുവരെ ലഭിച്ചവർ | 10 | ---- |
| വീട് ആവശ്യമുള്ളവർ | 66 | 30 |

| | | |
|---|---|---|
| നാളിതുവരെ ലഭിച്ചവർ | 54 | ---- |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 16 | ---- |
| നാളിതുവരെ ലഭിച്ചവർ | --- | ---- |

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെന്നും, ദുർബലരെന്നും പഞ്ചായത്ത് അധികാരികൾ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തിയ പ്രസ്തുത വിഭാഗക്കാരുടെ ഇല്ലായ്മകൾ പൂർണ്ണമായി പരിഹരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കേണ്ട ഗുണഭോക്താക്കളെ ഒഴിവാക്കി ഭവനപദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ പരിഗണന നൽകിയതിനു ശേഷം ജനറൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-5 പശ്ചിമഘട്ട വികസന പദ്ധതി ഫണ്ട് നിഷ്ക്രിയ ആസ്തിയാകുന്നു.

കേരളത്തിൽ സഹ്യാദ്രിയുടെ ചരിവുപ്രദേശങ്ങളിലെ 600 മീറ്ററിൽ കൂടുതൽ ഉയരമുള്ള ഭാഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളാണ് പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുന്നത്. കാർഷിക വാണിജ്യവിളകളുടെ ഉൽപാദനത്തിൽ ഗണ്യമായ പങ്കുള്ള ഭൂപ്രദേശമെന്ന നിലയ്ക്ക് സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക രംഗത്ത് പശ്ചിമഘട്ട പ്രദേശം സുപ്രധാന പങ്കു വഹിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്ത് അടിസ്ഥാനസൗകര്യങ്ങളുടെ വിപുലീകരണം, പരിസ്ഥിതി സംരക്ഷണവും, പരിസ്ഥിതിവികസനം തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള സമഗ്രവികസനം ലക്ഷ്യം വെച്ച് കൊണ്ടുള്ളതാണ് പശ്ചിമഘട്ട വികസനപദ്ധതി. പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ 05.10.2002ലെ ജി.ഒ.(എം.എസ്)43/02/പ്ലാനിങ്ങ് പ്രകാരവും 01.06.2014 പ്രാബല്യത്തിൽ പരിഷ്കരിച്ച മാർഗ്ഗരേഖ 30.4.2014ലെ (എം.എസ്)നം.16/14/പ്ലാനിങ്ങ് പ്രകാരവും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ നീർത്തടം പ്രദേശങ്ങളുടെ സമഗ്രവികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട കർമ്മപരിപാടികൾ, വിവിധ നീർത്തടാധിഷ്ഠിത പദ്ധതികൾക്കാവശ്യമായ ധനസഹായം, സംഘടന സംവിധാനങ്ങൾ, നിർവ്വഹണ ഏജൻസി തുടങ്ങിയവ ഉൾപ്പെടുത്തി തയ്യാറാക്കേണ്ട റിപ്പോർട്ടിന്റെ (Detailed Project Report) അടിസ്ഥാനത്തിൽ പദ്ധതിക്കായുള്ള ഫണ്ട് ലഭ്യമാകും. ഫണ്ട് ലഭ്യതയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മേഖലാ മുൻഗണന | ഫണ്ട് ലഭ്യത |
|---|---|

| | | | |
|---|---|---|---|
| നീർത്തട വികസനം | 80% | പശ്ചിമ ഘട്ട പദ്ധതി വിഹിതം | 80% |
| വനപ്രദേശത്തിനായുള്ള പദ്ധതികൾ | 10% | ഗ്രാമപഞ്ചായത്ത് വിഹിതം | 10% |
| ഭരണചെലവുകൾ, ഗവേഷണം, പരിശീലനം, മോണിറ്ററിങ്ങ് മുതലായവ | 10% | ഗുണഭോക്തൃ വിഹിതം | 10% |

പശ്ചിമഘട്ട വികസന പദ്ധതി മാർഗരേഖ പ്രകാരം നിർവ്വഹണ ഉത്തരവാദിത്തം ഗ്രാമ പഞ്ചായത്തിനും കൃഷി ഓഫീസർക്കുമാണ്. ഇതിനായി 80% പശ്ചിമഘട്ട വികസന പദ്ധതി വിഹിതവും, 10% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃവിഹിതം എന്നിങ്ങനെയാണ് ഫണ്ട് ലഭ്യമാക്കുന്നത്. പദ്ധതി 3 വർഷംകൊണ്ടാണ് പൂർത്തിയാക്കേണ്ടതെങ്കിലും അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കൃഷിഓഫീസർ എന്നിവരുടെ പേരിൽ 31.03.2012 ൽആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കേന്ദ്ര വിഹിതം - 89,70,000

പഞ്ചായത്ത് വിഹിതം - 4,47,660

പലിശ - 8,11,092

1,02,28,752

31.03.2016 ലെ ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരിപ്പ് പ്രകാരം 73,74,906.71/- രൂപ നീക്കിയിരിപ്പുണ്ട്. പദ്ധതി ആരംഭിച്ച് 3 വർഷം കഴിഞ്ഞിട്ടും ലഭ്യമായ തുക ഭാഗികമായേ നിർവ്വഹണ വിഭാഗത്തിന് ചെലവഴിക്കാനായുള്ളൂ. കൃഷി, മൃഗസമ്പത്ത്, ജലസേചനം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിൽ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് സാമ്പത്തിക, ഭൗതിക, സാമൂഹ്യ ഘടകങ്ങൾ ഒരുക്കേണ്ടതിന് പകരം പദ്ധതി നടപ്പാക്കാതെ ലഭ്യമായ തുക ബാങ്കിൽ നിലനിർത്തിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഒരു ചെറിയ പ്രദേശത്ത് നടപ്പിലാക്കുന്ന മേൽ പദ്ധതി പ്രാദേശിക സമൂഹങ്ങളിൽ വലിയ മാറ്റങ്ങൾ പ്രകടിപ്പിക്കുമായിരുന്നു. വിഭവങ്ങളുടെ സാദ്ധ്യതകളും പരിമിതികളും വേർതിരിച്ചറിയൽ, പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ്, ആസ്തികളുടെ സംരംക്ഷണം

എന്നിവയിലൊക്കെ ജനപങ്കാളിത്തം രൂപപ്പെടുത്തുവാൻ കഴിയുന്നതാണ്. കൃത്യമായ ഫലങ്ങൾ ലഭിക്കുന്നതിനാൽ ജനങ്ങളിൽ കൂടുതൽ വിശ്വാസം വളർത്താനും കഴിയുമായിരുന്ന പദ്ധതി നടപ്പാക്കുന്നതിൽ പഞ്ചായത്ത് അധികാരികൾ താൽപര്യം കാണിക്കാത്തതിനാൽ ലഭ്യമായ തുക ഫലത്തിൽ നിഷ്ക്രിയ ആസ്തിയെയാണ് സൃഷ്ടിച്ചത്. പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നിലവിൽ മേൽ പദ്ധതി സർക്കാർ നിറുത്തലാക്കിയതിനാൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

## 3-6 വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുമ്പോൾ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖ പാലിക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3എ(സി))പ്രകാരം ദാരിദ്ര്യ ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം തുടങ്ങിയവ സാധ്യമാക്കുന്നതിന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പക്ഷപാതരഹിതമായി ഗുണഭോക്താക്കളെ കണ്ടെത്തുക എന്ന പരമപ്രധാന ഉത്തരവാദിത്തം ഗ്രാമസഭകളുടേതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ., 09.07.1999ലെ (പി) നം.138/99/ ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികളിൽ പഞ്ചായത്തുകൾ തന്നെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ തീരുമാനിക്കണം. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സ്പോൺസർ ചെയ്യുന്ന പദ്ധതികളുടെ കാര്യത്തിൽ ആ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കണം പഞ്ചായത്തുകൾ മാനദണ്ഡം നിശ്ചയിക്കേണ്ടത്. പദ്ധതിയിൻ കീഴിൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും പരിഗണിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടാകുമ്പോൾ അർഹരായ ഗുണഭോക്താക്കളുടെ ഒരു ഹ്രസ്വലിസ്റ്റ് തയ്യാറാക്കുന്നതിനു പാലിക്കേണ്ട മുൻഗണന മാനദണ്ഡം രേഖാമൂലം വ്യക്തമായിത്തന്നെ പഞ്ചായത്തുകൾ പ്രസ്താവിച്ചിരിക്കേണ്ടതാണ്. പ്രൊജക്റ്റ് പ്രകാരമുള്ള സബ്സിഡി അല്ലെങ്കിൽ മറ്റുതരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകഴിഞ്ഞാൽ ഇതുസംബന്ധിച്ച് വ്യാപകമായ പ്രചാരണം നൽകേണ്ടതുണ്ട്. അതിനായി വിവിധ സ്രോതസ്സുകൾ, മാർഗ്ഗങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ, രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ. ഇതിനുപുറമെ പദ്ധതികളുടെ എണ്ണം, ഓരോ

പദ്ധതിക്കുമുള്ള മാനദണ്ഡങ്ങൾ, തെരഞ്ഞെടുക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ എണ്ണം എന്നിവ കാണിച്ചു കൊണ്ടുള്ള നോട്ടീസ് പ്രധാന പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.

പദ്ധതികൾക്കായിട്ടുള്ള അപേക്ഷാഫോറങ്ങൾ (ലളിതമായ രീതിയിലുള്ളവ) ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായുള്ള ഗ്രാമസഭ ചേരുന്നതിനുമുമ്പ് ജനങ്ങൾക്ക് വിതരണം ചെയ്യുകയും തിരികെ വാങ്ങുകയും വേണം. ഗുണഭോക്താക്കളുടെ അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങൾ ചേർത്ത് തീരുമാനിക്കുന്നതിനാവശ്യമായ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്നതിനു വേണ്ട സൗകര്യം അപേക്ഷാഫോറത്തിൽ ഉണ്ടായിരിക്കണമെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിക്കുന്നുണ്ട്. അപേക്ഷാഫോറങ്ങളുടെ വിതരണത്തിന് അയൽക്കൂട്ടങ്ങൾ, അങ്കണവാടിവർക്കർമാർ എന്നിവരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പഞ്ചായത്തിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട് രൂപീകരിച്ച കമ്മിറ്റി പ്രസ്തുത അപേക്ഷകളിൽ ഗുണഭോക്താക്കൾ വസ്തുതകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എല്ലാം പാലിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് മാർക്കടിസ്ഥാനത്തിൽ ഒരു കരട് പട്ടിക തയ്യാറാക്കി ഗ്രാമസഭകൾ മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങണം. ഇതിനായി ഒരു പ്രഫോർമ വെരിഫിക്കേഷൻ ഫോറം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും മുൻഗണനക്രമ ലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിനു ശേഷം മൊത്തത്തിൽ മുൻഗണന ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കേണ്ടതും, അന്തിമരൂപം നൽകി അംഗീകരിക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാവണം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി/ സർക്കാരുകളിൽ നിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത്.

എന്നാൽ ഓഡിറ്റ് വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കായുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികാരികൾ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

- പഞ്ചവൽസര പദ്ധതി പ്രകാരം 2012-17 കാലയളവിലേക്കുള്ള ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലാവണം ജനകീയാസൂത്രണ പദ്ധതികളുടെ പ്രവർത്തനങ്ങൾ. അഞ്ചു വർഷത്തേക്കുള്ള പദ്ധതികൾക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും, വർഷം തിരിച്ചും, മുൻഗണന അനുസരിച്ചും, മേഖല തിരിച്ചും തയ്യാറാക്കണം. ഇതിനായി വിവിധ ഘട്ടങ്ങളിലെ സമയക്രമവും

സർക്കാർ നിശ്ചയിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ മേൽ പറഞ്ഞ രീതിയിലുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കാത്തതിനാൽ വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിൽ കാലതാമസങ്ങൾ വന്നു. മേൽ കാലതാമസം കാരണം പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും കാലതാമസം വരുത്തി.

- വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി അംഗീകരിക്കുന്ന രീതി കാരണം ആനുകൂല്യവിതരണം വാർഡ് അടിസ്ഥാനത്തിൽ വീതിക്കപ്പെട്ടു. (ഉദാ.കാരുണ്യ ഭവന പദ്ധതി, ലാപ്പ് ടോപ്പ് വിതരണം. )
- പദ്ധതികൾക്കായുള്ള ഗുണഭോക്താക്കളുടെ യോഗ്യത മാനദണ്ഡങ്ങൾ പ്രത്യേകമായി ഗ്രാമസഭ ചർച്ച ചെയ്ത് തീരുമാനിക്കുന്നില്ല. പകരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയാണ് ചെയ്തത്.
- ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്താതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായുള്ള ഗ്രാമസഭകൾക്ക് തൊട്ടുമുമ്പുള്ള ഗ്രാമസഭയിൽ അപേക്ഷാഫോറങ്ങളും മാനദണ്ഡങ്ങളും വിതരണം ചെയ്താണ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ആയതിനാൽ തന്നെ ഓരോ വാർഡിലെയും മുഴുവൻ ആളുകൾക്കും പദ്ധതി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.
- അപേക്ഷിക്കാൻ അർഹതയില്ലാത്തവരുടെ അപേക്ഷകൾ കാരണം രേഖപ്പെടുത്തി ഗ്രാമസഭയിൽ വായിച്ച് അംഗീകാരം വാങ്ങുന്നില്ല.
- ഭിന്നശേഷിയുള്ളവരുടെ പദ്ധതികൾ രൂപീകരിക്കുന്നതിന് മുമ്പോ പദ്ധതി നിർവ്വഹണ ഘട്ടത്തിലോ ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഗ്രാമസഭ വിളിച്ചു ചേർക്കുന്നില്ല. കൂടാതെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ പോരായ്മകൾ മനസ്സിലാക്കുന്നതിനും അതുവഴി അവർക്ക് അനുയോജ്യമായ പദ്ധതി രൂപീകരണത്തിനും സഹായകരമാകുന്ന പ്രത്യേക ഗ്രാമസഭകൾ ചേർന്നിട്ടില്ല. (മുചക്ര വാഹനം വിതരണ പദ്ധതി)
- പഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ അപേക്ഷഫോറങ്ങൾ ഓരോതരം പ്രൊജക്ടുകൾക്കായുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ പരിഗണിക്കുന്നതിന് ആവശ്യമായ മുഴുവൻ വിവരങ്ങളും അപേക്ഷയിൽ ചേർക്കാൻ സാധിക്കാത്ത തരത്തിലാണ്.
- ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നാമനിർദ്ദേശം ചെയ്ത കമ്മിറ്റി രൂപീകരിച്ചില്ല. ആയതിനാൽ തന്നെ അപേക്ഷഫോറങ്ങളുടെ

പരിശോധന, മാർക്കിടൽ എന്നിവയുടെ ആധികാരികതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിഞ്ഞില്ല. പരിശോധന സംവിധാനം ക്രമീകരിക്കാത്തതിനാൽ മിക്ക പദ്ധതികളിലും അനർഹർക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

- ഗ്രാമസഭയിൽ അംഗീകരിച്ച മുൻഗണന ലിസ്റ്റുകൾ കൺവീനർ, ചെയർമാൻ, കോ-ഓഡിനേറ്റർ, പഞ്ചായത്ത് സെക്രട്ടറി, പരിശോധന സമിതിയംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾക്ക് പ്രചാരണം നൽകാഞ്ഞതിനാൽ വിവിധ പദ്ധതികളിൽ വ്യാപകമായി അനർഹർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടു.
- പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3(എ), 19.03.2003ലെ 13077/ഡി.പി.1/03/ത.സ്വ.ഭ.വ നം സർക്കുലർ പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് നിശ്ചയിക്കേണ്ടത് ഗ്രാമസഭകളിലൂടെയാണ്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഐ.എ.വൈ. ഭവന പദ്ധതിക്കൊഴികെ സർക്കാരിന്റെ മറ്റ് വകുപ്പുകളിലൂടെ നടപ്പാക്കിയ പദ്ധതികൾ, കൈമാറിയ സ്ഥാപനങ്ങൾ മുഖാന്തിരം സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്നിവയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭകളിലൂടെയല്ല.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ.09/15-16, തീയ്യതി.31.10.2016) മറുപടി നൽകിയിട്ടില്ല. മേൽ വിശദീകരിച്ച അപാകതകൾക്ക് കാര്യകാരണങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-7 <u>സർക്കാർ അനുമതി ലഭ്യമാക്കാതെ ഉയർന്ന പലിശ നിരക്കിൽ ഭവന പദ്ധതിക്ക് വായ്പയെടുത്തു.</u>

പ്രോജക്റ്റ് പേര്, നം - ഭവന നിർമ്മാണം ജനറൽ 142/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.

അടങ്കൽ തുക - 2,10,00,000/- (2,00,00,000/- വായ്പ, 10,00,000/- തനത് ഫണ്ട്)

ചെലവ് തുക - 1,26,80,000/- (1,16,80,000/- വായ്പ, 10,00,000/-തനത് ഫണ്ട്)

ചെലവിന്റെ വിശദാംശങ്ങൾ.

| ക്രമ നം | വൗച്ചർ നം, തീയ്യതി | തുക | ചെക്ക് നം, തീയ്യതി |
|---|---|---|---|
| 1 | 21500292, 19.06.2015 | 8,00,000 | 66426, 19.06.2015 |
| 2 | 21500518, 19.08.2015 | 2,00,000 | 7906, 19.08.2015 |
| 3 | 21500567, 10.09.2015 | 4,40,000 | 819151, 10.09.2015 |
| 4 | 21500583, 28.09.2015 | 9,60,000 | 819152, 28.09.2015 |
| 5 | 21500888, 31.12.2015 | 39,00,000 | 819153, 31.12.2015 |
| 6 | 21500976, 27.01.2016 | 27,00,000 | 819154, 27.01.2016 |
| 7 | 21501315, 31.03.2016 | 36,80,000 | 819155, 31.03.2016 |

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലെ ഓരോ വാർഡിലും 5 എണ്ണം വീതം മൊത്തം 105 പുതിയ വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കാരുണ്യ ഭവനപദ്ധതിയിലൂടെ പഞ്ചായത്ത് പരിധിയിലെ ഭവന രഹിതർക്ക് ഇ.എം.എസ്. ഭവന പദ്ധതി മാതൃകയിൽ ഭവന നിർമ്മാണത്തിനായി ധനസഹായം നൽകും. പദ്ധതി 09.01.2014 ലെ ഭരണസമിതി യോഗത്തിൽ അംഗീകരിച്ച (തീരുമാന നം. 03/14). ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി നടത്തുവാൻ ഉദ്ദേശിച്ച പദ്ധതിക്ക് സർക്കാർ അനുമതിക്കായി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 14.08.2014 ലെ 7656/ഡി.ബി.1 /14/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ 11.03.2013 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 2,00,00,000/- രൂപ ലോൺ എടുക്കുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി അനുമതി കത്ത് നൽകി. 11.03.2013 ലെ (എം.എസ്) 83/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ താഴെ കൊടുക്കുന്നു.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വയം കണ്ടെത്തുന്ന ഫണ്ട് ഉപയോഗിച്ചായിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്. (തനത്, വികസന ഫണ്ടുകൾ, വായ്പ മുതലായവ).
2. വായ്പ എടുക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ആയിരിക്കണം.
3. വായ്പക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നതല്ല.
4. വായ്പ തുകയും പലിശയും തദ്ദേശ സ്വയം ഭരണ സ്ഥാപനം വായ്പ എടുക്കുന്ന ധനകാര്യ സ്ഥാപനത്തിൽ കരാർ പ്രകാരം തിരിച്ചടയ്ക്കേണ്ടതാണ്. വായ്പ തുക വികസന ഫണ്ടിൽ നിന്നും, പലിശ തനത്

ഫണ്ടിൽ/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കേണ്ടതാണ്

5. വായ്പയുടെ തിരിച്ചടവിന്റെ കാലാവധി പത്തു വർഷത്തിൽ കവിയരുത്.

6. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഇ.എം.എസ്.ഭവന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശം അനുസരിച്ചായിരിക്കണം.

7. ഇ.എം.എസ്.ഭവന പദ്ധതി പ്രകാരമോ, തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കിയ മറ്റേതെങ്കിലും ഭവന പദ്ധതി പ്രകാരമോ എടുത്ത വായ്പ തുകയുടേയും, പുതിയ ഭവന പദ്ധതി പ്രകാരം എടുത്ത വായ്പ തുകയുടേയും പ്രതിവർഷ തിരിച്ചടവ് പ്രതിവർഷം ലഭിക്കുന്ന വികസന ഫണ്ടിന്റെ 15%ൽ കവിയാൻ പാടില്ല.

<u>പദ്ധതി നടപ്പാക്കിയതിന്റെ നാൾവഴികൾ താഴെ കൊടുക്കുന്നു.</u>

1. 12.09.2014 ലെ ഭരണസമിതി യോഗത്തിൽ പദ്ധതി നടത്തിപ്പിനായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.ബിജു താന്നിക്കാക്കുഴി എന്നവരുടെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. [നം.287(14)]

2. 27.11.2014 ലെ ഭരണസമിതി യോഗത്തിൽ ഭവന പദ്ധതിയിലേക്ക് വായ്പ എടുക്കുന്നതിന് കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, മുക്കം, എസ്.ബി.ടി, ഫെഡറൽ ബാങ്ക്, കനറ ബാങ്ക്, പുതുപ്പാടി സർവ്വീസ് സഹകരണ ബാങ്ക് എന്നിവരെ സമീപിക്കുവാൻ തീരുമാനിച്ചു (തീരുമാനം നം.13/14).

3. 16.12.2014ലെഎ.2/500/2012 നം കത്തിലൂടെ ബാങ്ക് അധികാരികൾക്ക് സെക്രട്ടറി കത്ത് നൽകി. ഇതിൽ പുതുപ്പാടി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി 07.01.2015ന് നിബന്ധനകളോടെ വായ്പ അനുവദിക്കുവാൻ തയ്യാറാണെന്ന് അറിയിച്ചു. മറ്റ് ബാങ്കുകൾ നൽകിയ സമ്മത പത്രങ്ങൾ ഫയലിനോടൊപ്പം ചേർത്തിട്ടില്ല.

4. 31.01.2015ലെ ഭരണസമിതി യോഗത്തിൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വി.ഇ.ഒ, ശ്രീ.സുരേഷിനെ ചുമതലപ്പെടുത്തി [നം.16/15(16)].

5. 27.02.2015ലെ യോഗത്തിൽ ഓരോ വാർഡിലേയും 5 ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചു [തീരുമാന നം.8/15(2)].

6. 05.03.2015ലെ ഭരണസമിതി യോഗത്തിൽ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് തീരുമാനിച്ചു (നം.5/15).

7. 28.04.2015 ന് പഞ്ചായത്ത് സെക്രട്ടറി ശ്രീ.അബ്ദു റഹിമാൻ.എം.കെ. എന്നിവർ ഒന്നാം പാർട്ടിയായും കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡിന്റെ ജനറൽ മാനേജർ ശ്രീ.ധനീഷ്.എം. എന്നിവർ രണ്ടാം പാർട്ടിയായും പരസ്പരം സമ്മതിച്ച് 14% പലിശ കണക്കാക്കി വായ്പ എടുക്കുന്നതിന് വ്യവസ്ഥകളോടെ കരാറിൽ ഒപ്പിട്ടു.

<u>പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.</u>

1. 11.03.2013 ലെ (എം.എസ്) 83/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വായ്പ എടുക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ആയിരിക്കണമെന്നാണ്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 14.08.2014 ലെ 7656/ഡി.ബി.1/14/ ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ നിർദ്ദേശിച്ചതും 11.03.2013 ലെ വ്യവസ്ഥകൾ പാലിച്ച് വായ്പ എടുക്കാനായിരുന്നു. 1963 ലെ കേരള തദ്ദേശാധികാര സ്ഥാപന വായ്പ നിയമം, വകുപ്പ് 3(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വായ്പ എടുക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ആയിരിക്കണം. വകുപ്പ് 3(3) പ്രകാരം സ്ഥാപനത്തിന്റെ വാർഷിക വരുമാനം കണക്കാക്കി വായ്പ തുക എത്രയെന്ന് നിശ്ചയിക്കേണ്ടത് സർക്കാരാണ്. 1965 ലെ കേരള തദ്ദേശാധികാര സ്ഥാപന വായ്പ ചട്ടങ്ങളിലെ ചട്ടം.6 പ്രകാരം സ്ഥാപനത്തിന്റെ സാമ്പത്തിക നില, വായ്പയുടെ ആവശ്യകത, വായ്പ തീയ്യതി, പലിശ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി അനുബന്ധം.1 ലെ ഫോറത്തിൽ സർക്കാരിലേക്ക് ആവശ്യപ്പെടണം. എന്നാൽ മേൽ നിയമ വ്യവസ്ഥകൾ പാലിക്കാതെയും സർക്കാർ അനുമതിയില്ലാതെയുമാണ് പഞ്ചായത്ത് ഭരണസമിതി ബാങ്ക് വായ്പ എടുത്തിരിക്കുന്നത്.

2. ഭവന പദ്ധതിയിലേക്ക് വായ്പ എടുക്കുന്നതിന് കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, മുക്കം, പഞ്ചായത്ത് പരിധിയിലെ എസ്.ബി.ടി, ഫെഡറൽ ബാങ്ക്, കനറ ബാങ്ക്, പുതുപ്പാടി സർവ്വീസ് സഹകരണ ബാങ്ക് എന്നിവരെ സമീപിച്ചെങ്കിലും കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 14% നിരക്കിൽ വായ്പയെടുക്കുവാൻ ഉണ്ടായ സാഹചര്യം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പുതുപ്പാടി സർവ്വീസ് സഹകരണ ബാങ്ക് 12% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ തയ്യാറായിട്ടും ആയത് ഒഴിവാക്കിയാണ് ഉയർന്ന നിരക്കിൽ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുള്ളത്. സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഹഡ്കോയിൽ നിന്നും കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ സാഹചര്യമുണ്ടായിട്ടും (8.5% പലിശ നിരക്കിൽ) ആയതും പരിഗണിച്ചിട്ടില്ല. ഇത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ ഭീമമായ നഷ്ടം വരുത്തുന്നതിന് വഴിവെച്ചു. ഇത്തരത്തിൽ ഭീമമായ പലിശ നിരക്കിൽ വായ്പ എടുക്കുവാൻ

ഉണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3. കരാറിലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം ക്യാഷ് ക്രെഡിറ്റിന്റെ പരമാവധി കാലാവധി 10 കൊല്ലമാണെങ്കിലും മൊത്തം തുകയായ രണ്ടു കോടിയുടെ 10% വീതം ഓരോ വർഷവും മൊത്തം ലിമിറ്റിൽ നിന്നും കുറവ് വരുത്തും. ആയത് പ്രകാരം ഇരുപത് ലക്ഷം രൂപയും പലിശയും പഞ്ചായത്ത് പ്രതിവർഷം അടവാക്കണം.11.03.2013 ലെ (എം.എസ്) 83/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ ഏഴാമത്തെ നിബന്ധന പ്രകാരം ഇ.എം.എസ്.ഭവന പദ്ധതി പ്രകാരമോ, തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കിയ മറ്റേതെങ്കിലും ഭവന പദ്ധതി പ്രകാരമോ എടുത്ത വായ്പ തുകയുടേയും, പുതിയ ഭവന പദ്ധതി പ്രകാരം എടുത്ത വായ്പ തുകയുടേയും പ്രതിവർഷ തിരിച്ചടവ് പ്രതിവർഷം ലഭിക്കുന്ന വികസന ഫണ്ടിന്റെ 15%ൽ കവിയാൻ പാടില്ല എന്നാണ്. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിനു ലഭിച്ച വികസന ഫണ്ട് 85,75,753/- രൂപയാണ്. ഉത്തരവ് പ്രകാരം വായ്പ അടവാക്കാൻ പഞ്ചായത്തിനു വിനിയോഗിക്കാവുന്ന തുക 12,86,362/- രൂപ മാത്രമാണ്.

4. ഇ.എം.എസ്.ഭവന പദ്ധതിക്കായി പഞ്ചായത്ത് മുൻവർഷത്തിൽ എടുത്ത വായ്പയിൽ വർഷാരംഭത്തിൽ 55,67,400/- രൂപ അടവാക്കാൻ ശേഷിക്കുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് 15,00,000/- രൂപ വായ്പ അടച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിയും കടന്നാണ് ഗ്രാമപഞ്ചായത്ത് ഭവനപദ്ധതികൾക്കായി വായ്പ തുക അടവാക്കുന്നത്. പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത തന്നെ താളം തെറ്റിക്കുന്ന തരത്തിൽ വായ്പ എടുക്കുവാനുണ്ടായ സാഹചര്യം വ്യക്താമാക്കേണ്ടതാണ്.

5. 27.02.2015ലെ യോഗത്തിൽ ഓരോ വാർഡിലേയും 5 ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ(സി) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണന ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി പഞ്ചായത്തുകൾക്ക് നൽകേണ്ടത് ഗ്രാമസഭകളാണ്. ഗുണഭോക്താക്കളെ അവരുടെ അർഹത മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കേണ്ട ചുമതലയും ഗ്രാമസഭകൾക്കാണ്. മേൽ നിയമം വകുപ്പ് 3എ(ജെ) പ്രകാരം സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കേണ്ടതും ഗ്രാമസഭകളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ടു നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ 02.09.1998ലെ(പി)നം.181/98/ത.സ്വ.ഭ,

09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെട്ടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ നിയമത്തിൽ അനുശാസിച്ച പ്രകാരമോ, സർക്കാർ മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെയുമാണ് പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. പഞ്ചായത്ത് രാജ് നിയമം പ്രകാരം ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കേണ്ടത് ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി മുൻകൂട്ടി തെരഞ്ഞെടുത്താവണം. പദ്ധതികൾ നടപ്പാക്കിയ ശേഷം ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

മേൽ വിശദീകരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 35/15-16, തീയ്യതി. 03.11.2016) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. സർക്കാരിന്റെ അനുമതിയോ, അംഗീകരാമോ ഇല്ലാതെയും, പഞ്ചായത്തിന്റെ ധനസ്ഥിതി പരിശോധിക്കാതെയും, പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും നടപ്പാക്കിയ മേൽ പദ്ധതിയുടെ ഓഡിറ്റ് വർഷത്തിലെ ചെലവ് തടസ്സം ചെയ്യുന്നു. വ്യക്തിപരമായ മറുപടി ഇക്കാര്യത്തിൽ നൽകേണ്ടതാണ്.

## **3-8** എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് പേര്, നമ്പർ - എസ്.സി.യുവജന വിദ്യാർത്ഥികൾക്ക ലാപ് ടോപ്പ്, 26/ 15-16

അടങ്കൽ തുക, ഫണ്ട് തരം - 8,00,000/- , വികസന ഫണ്ട്

ചെലവ് തുക – 8,00,000/- [ബിൽ നം. 5/15-16, തീയ്യതി - 22.02.2016]

(വൗച്ചർ നം.21501195, 25.03.2016, ഡി.ഡി.നം. 821431, 29.02.2016).

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസിക്കുന്ന 20പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ലാപ്പ് ടോപ്പ് നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചത്. ഇതിനായി മേൽ വിവരിച്ച ബിൽ പ്രകാരം 8,00,000/- രൂപ പിൻവലിച്ച് 'മെഗാടെക് ഇൻഫോകോം'എന്ന സ്ഥാപനത്തിൽ നിന്നും 20 ലാപ്പ്ടോപ്പുകൾ വാങ്ങി. 20 വാർഡുകളിലെ ഓരോ വിദ്യാർത്ഥികൾക്കുമായി വിതരണം ചെയ്തു. പദ്ധതി നടപ്പാക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ തയ്യാറാക്കാത്തതിനാൽ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് ആയതിൽ നിന്നും പഞ്ചായത്ത് ഭരണസമിതി (2015 ഒക്ടോബർ 31 വരെയുള്ള ഭരണസമിതി) തെരഞ്ഞെടുത്തു. ഗുണഭോക്താക്കളെ പിന്നീട് (പുതിയ

ഭരണസമിതി വന്നതിനു ശേഷം) 2016 ജനുവരി മാസത്തെ ഗ്രാമസഭകളിൽ അംഗീകരിച്ചത് 06.02.2016 ലെ ഭരണസമിതി യോഗത്തിൽ അംഗീകരിച്ചു [തീരുമാന നം.64/2016 (20)(1)].

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ(9) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണന ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അതതു ഗ്രാമസഭ പ്രദേശത്തുള്ള അപേക്ഷകരുടെ കരട് മുൻഗണന ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽ വച്ച് ഗ്രാമസഭ സൂക്ഷ്മ പരിശോധന നടത്തേണ്ടതും, മുൻഗണന ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയക്കേണ്ടതാണ്. 02.09.1998ലെ 181/98/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ ജനകീയാസൂത്രണ പദ്ധതികളിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ നിയമത്തിൽ അനുശാസിച്ച പ്രകാരമോ, സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയുമാണ് പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. പഞ്ചായത്ത് രാജ് നിയമം പ്രകാരം ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കേണ്ടത് ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി മുൻകൂട്ടി തെരഞ്ഞെടുത്താവണം. പദ്ധതികൾ നടപ്പാക്കിയ ശേഷം ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.
- 2007 ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങളിലെ ചട്ടം 3(6) പ്രകാരം ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്ന സംഗതികളിൽ, തെരഞ്ഞെടുക്കപ്പെട്ട അധികാരികൾക്ക് വസ്തുതാപരവും നിയമാനുസൃതവും സത്യസന്ധവുമായ ഉപദേശം തക്കസമയത്ത് നൽകുന്നതിന് നിയമാനുസൃതമായി അധികാരമുള്ള ഉദ്യോഗസ്ഥന് അവകാശവും ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതും അപ്രകാരം നൽകുന്ന ഉപദേശങ്ങൾ രേഖാമൂലം ആയിരിക്കേണ്ടതുമാണ്. ചട്ടം 7(1)പ്രകാരം പഞ്ചായത്ത് കമ്മിറ്റിക്ക് ആവശ്യമായ ഉപദേശം നൽകുവാൻ ബാദ്ധ്യസ്ഥനായ ഒരു ഉദ്യോഗസ്ഥൻ മതിയായ കാരണങ്ങളില്ലാതെ അപ്രകാരം ഉപദേശം നൽകാതിരുന്നതു കൊണ്ടോ തെറ്റായ ഉപദേശം നൽകിയതു കൊണ്ടോ ഉണ്ടായ തെറ്റായ തീരുമാനങ്ങൾക്കും നടപടികൾക്കും കഷ്ടനഷ്ടങ്ങൾക്കും

അംഗങ്ങൾക്ക് പുറമേ പ്രസ്തുത ഉദ്യോഗസ്ഥൻ കൂടി ഉത്തരവാദിയായിരിക്കുന്നതാണ്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾക്ക് പഞ്ചായത്ത് സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ അഭിപ്രായം പറയുകയോ ഉപദേശം നൽകുകയോ ചെയ്തിട്ടില്ല.

സർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബത്തിന് ധനസഹായം നൽകി.

- 16.11.2013 ലെ (എം.എസ്) 362/2013/ ത.സ്വ.ഭ.വ നം. ഉത്തരവ് (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) അനുബന്ധം.16 ഖണ്ഡിക 2-14 (i) പ്രകാരം സർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബത്തെ 50,000/- രൂപയിൽ കുറവ് വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ല എന്ന വ്യക്തമാക്കുന്നുണ്ട്. കുമാരി അരുണിമ.സി.കെ, ചക്കിട്ടക്കണ്ടി (ഹൗസ്), വെളപ്പാംകുളം പുതുപ്പാടി എന്ന ഗുണഭോക്താവ് സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം പ്രസ്തുത വ്യക്തിയുടെ പിതാവ് ശ്രീ.ശിവശങ്കരൻ.സി.കെ സർക്കാർ ജീവനക്കാരനാണ്. ശ്രീ.ശിവശങ്കരൻ.സി.കെ, ജി.എം.യു.പി. സ്കൂൾ അദ്ധ്യാപകനാണ്. ടിയാന്റെ സാലറി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.
- 03.07.2012 ലെ (സാധാ)1838/2012/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക - 7 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഐ.കെ.എം.നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി.ജി.എസ്.&ഡി. റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങേണ്ടതാണ്. കൂടാതെ പൊതു ടെൻഡറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സർക്കാർ ഉത്തരവ് (സാധാ)159/2012/ത.സ്വ.ഭ.വ തിയ്യതി 16.01.2012, ഖണ്ഡിക 3(ii) റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.
- കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡികകൾ 8.17 - 8.20 പ്രകാരം ടെണ്ടർ നൽകിയ സ്ഥാപനത്തിൽ നിന്നും കരാർ തുകയുടെ 5% പെർഫോർമെൻസ് സെക്യൂരിറ്റിയായി വാങ്ങണം. എന്നാൽ അപ്രകാരം പെർഫോർമെൻസ് സെക്യൂരിറ്റി വാങ്ങിയിട്ടില്ല.

ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പഞ്ചായത്തിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട് രൂപീകരിച്ച സബ്കമ്മിറ്റി പ്രസ്തുത അപേക്ഷകളിൽ ഗുണഭോക്താക്കൾ യഥാർത്ഥ വസ്തുതകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എല്ലാം പാലിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് മാർക്കടിസ്ഥാനത്തിൽ ഒരു കരട് പട്ടിക തയ്യാറാക്കി ഗ്രാമസഭകൾ മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങണം. ഗ്രാമസഭകളിൽ നിന്നും മുൻഗണനക്രമ ലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിനു ശേഷം മൊത്തത്തിൽ മുൻഗണന ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനത്തിൽ

ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കേണ്ടതും, അന്തിമരൂപം നൽകി അംഗീകരിക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാവണം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ എസ്.സി. വിഭാഗത്തിൽപെട്ട ഗുണഭോക്താക്കളുടെ ഗ്രാമസഭകൾ അംഗീകരിച്ച് തയ്യാറാക്കേണ്ട സംയുക്ത ലിസ്റ്റ് നിലവില്ലാതെ അപേക്ഷ നൽകിയ എല്ലാവരെയും പരിഗണിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തത് കേരള പഞ്ചായത്ത് രാജ് നിയമത്തിന്റേയും, ഗുണഭോക്തൃ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടേയും ലംഘനമാണ്. ഒരു ഭരണസമിതി എടുത്ത തെറ്റായ തീരുമാനം പുനപരിശോധിക്കാതെ അതേ ഗുണഭോക്താക്കൾക്ക് തന്നെ ആനുകൂല്യം നൽകുകയാണ് രണ്ടാമത്തെ ഭരണസമിതി ചെയ്തത്.

അംഗങ്ങൾ നിയമവിരുദ്ധമായ തീരുമാനങ്ങൾ എടുക്കുമ്പോൾ ആയത് ശ്രദ്ധയിൽപെടുത്തുന്നതിന് സെക്രട്ടറിയും, അസിസ്റ്റന്റ് സെക്രട്ടറിയും വീഴ്ച വരുത്തി. നിയവിരുദ്ധമായി പദ്ധതി നടത്തി വികസന ഫണ്ട് ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവ് തുക 8,00,000/- രൂപ 06.02.2016 ന് ഭരണസമിതി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നവരിൽ നിന്ന് തുല്യമായി തിരികെ ഈടാക്കേണ്ടതാണ്.

## 3-9 ഐ.ആർ.സി. സ്പെഫിക്കേഷന് വിരുദ്ധമായി റോഡ് പ്രവൃത്തി നടത്തി.

ഓഡിറ്റ് വർഷത്തിൽ റോഡ് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ ഭൂരിഭാഗം റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തികളാണ് കൂടുതലും ചെയ്തിട്ടുള്ളത്. അധിക ചെലവ് കാരണം സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് സ്റ്റേറ്റ് ഹൈവേകളിൽ ഒഴിവാക്കിയതായി ഐ.ആർ.സി. സ്പെസിഫിക്കേഷന്റെ ആമുഖത്തിൽ പറയുന്നുണ്ട്. കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന് (expansion) ആവശ്യമായ പ്രൊവിഷൻ ഉൾപ്പെടുത്താനും നിഷ്കർഷിക്കുന്നു. സ്റ്റേറ്റ് റോഡുകളിൽ പരിമിതമായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് പഞ്ചായത്തിലെ ഗ്രാമീണ റോഡുകളിൽ ഭൂരിഭാഗവും ചെയ്തിട്ടുള്ളത്. ഐ.ആർ.സി.58(62-2014), ഐ.ഐർ.സി.15-2011 എന്നിവയാണ് കോൺക്രീറ്റ് പേവ്മെന്റിനുള്ള സ്പെസിഫിക്കേഷനുകൾ. ഇവയൊന്നും ഗ്രാമീണ റോഡുകൾക്ക് ബാധകമല്ല. അത് കൊണ്ടാണ് സ്റ്റേറ്റ് റോഡുകളിൽ വരെ കോൺക്രീറ്റ് ചെയ്യുന്നത് പരിമിതപ്പെടുത്തിയത്. ഐ.ആർ.സി സ്പെസിഫിക്കേഷൻ 62-2014 ആണ് ഗ്രാമീണ റോഡുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള സ്പെസിഫിക്കേഷൻ വ്യക്തമാക്കുന്നത്. ഈ സ്പെസിഫിക്കേഷനിൽ ട്രാഫിക്കിന്റെ ബാഹുല്യം അടിസ്ഥാനപ്പെടുത്തിയാണ് വ്യത്യസ്തരീതിയിലുള്ള സബ്ഗ്രേഡ് ഉപയോഗിക്കേണ്ടതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. പഞ്ചായത്തിൽ നടത്തിയ കോൺക്രീറ്റ് പ്രവൃത്തികൾ, ട്രാഫിക്ക് സംബന്ധിച്ചുള്ള സർവ്വെയോ, മറ്റ് അന്വേഷണങ്ങളോ

അടിസ്ഥാനപ്പെടുത്തിയല്ല ചെയ്തിട്ടുള്ളത്. മാത്രമല്ല പ്രസ്തുത സ്പെസിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുള്ള സബ്ഗ്രേഡുകൾ ഒന്നും തന്നെയല്ല പഞ്ചായത്തിലെ പ്രവർത്തികൾക്ക് ഉപയോഗിച്ചിട്ടുള്ളത്. പഞ്ചായത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാന കാരണമായി പറയുന്നത് റോഡ് നിർമ്മിക്കുന്ന സ്ഥലം വെള്ളക്കെട്ട് ഉള്ളതാണെന്നാണ്. വെള്ളക്കെട്ടിന് പരിഹാരമായി സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും (embankment)ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ 305 നം.ഇനത്തിൽ വിശദീകരിക്കുന്നുണ്ട്. ഐ.ആർ.സി.സ്പെസിഫിക്കേഷൻ-34-ൽ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ റോഡുകൾക്കുള്ള സംരക്ഷണം സംബന്ധിച്ചുള്ള കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. മേല്പറഞ്ഞ സ്പെസിഫിക്കേഷനുകളിലൊന്നും തന്നെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു കോൺക്രീറ്റ് പരിഹാരമായി പറയുന്നില്ല. ഈ സ്പെസിഫിക്കേഷനിലും റോഡുകളുടെ സംരക്ഷണത്തിന് ഐ.ആർ.സി. സ്പെസിഫിക്കേഷൻ 305 ലേതു പോലെ തന്നെ സബ്ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും ഡ്രെയിനേജുമാണ് പ്രതിപാദിച്ചിട്ടുള്ളത്.

ഗ്രേഡ് ചെയ്യാത്ത ക്വാറിപ്പൊടി സബ് ബേസ് ആയി ഉപയോഗിച്ച് അതിനു മുകളിൽ 1:2:4/ 1:1.5:3/1:4:8 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് താഴെ പറയുന്ന റോഡുകളിൽ നടത്തിയത്. ഇത് ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധമാണെന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനിയറുടെ 16.10.2012 ലെ ഡി.ബി.4-762/2012/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലും വ്യക്തമാക്കുന്നു. IRC സ്പെസിഫിക്കേഷന് വിരുദ്ധമായി നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പ്രോജക്ടിന്റെ പേര്, | എം.ബുക്ക്.നം, കൺവീനറുടെ പേര് | കോൺക്രീറ്റ് പ്രവൃത്തിയുടെ വിവരം | | | ആകെ ചെലവ് | ഡി.ഡി.നം, തീയ്യതി |
|---|---|---|---|---|---|---|---|
| | | | 1:2:4 | 1:4:8 | 1:1.5:3 | | |
| 1. | 45/16, അടിവാരം സ്കൂൾ പൂളമുക്ക് റോഡ് | ശ്രീ.മുഹമ്മദ് ഷമീർ.വി, 64/14-15 | -- | -- | 1,86,202 (25.63m3 @72.65/ 10dm3) | 1,86,202 | 770579/ 17.06.2015 |
| 2. | 46/16, അടിവാരം | ശ്രീ.സി.അബ്ദുൾ കരീം, | -- | -- | 3,57,801 | 3,57,801 | 1) 770942/ 23.06.2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കനലാടി ലിങ്ക് റോഡ് | 52/14-15 | | | (49.25m3 @ 72.65/ 10dm3) | | (3,27,372)<br>2) 770573/ 17.06.2015<br>(49,761) |
| 3. | 60/16, കിളയില് കാക്കഞ്ചേരി റോഡ് | ശ്രീ.കെ.ടി. ഇബ്രാഹിം കുട്ടി, 78/14-15 | -- | -- | 3,30,763<br>(45.31 m3 @73/ dm3) | 3,30,763 | 618833/ 22.07.2015 |
| 4. | 94/16, അടിവാരം കളക്കുന്ന് റോഡ് | ശ്രീമതി.സുഹറ മുജീബ്,<br>206/12-13, 57/14-15 | -- | -- | 72,500<br>(10m3 @ 72.50/ 10dm3) | 72,500 | 618586/ 24.10.2015 |
| 5. | 108/16, സൗത്ത് മലപ്പുറം കുറുവേടത്ത് കുന്ന് റോഡ് | ശ്രീ.റഷീദ്.പി, 48/14-15 | -- | -- | 1,76,352<br>(21.12m3 @ 83.50/ 10dm3) | 1,76,352 | 1. 618184/ 15.07.2015<br>(37,957)<br>2. 619016/ 30.09.2015<br>(1,50,000) |
| 6. | 123/16, രണ്ടാംകൈ ചീരക്കുഴി മുക്ക് റോഡ് | ശ്രീ. ആദൈ. കെ.വി, 183/12-13 | -- | -- | 2,65,530<br>(31.80m3 @83 | 2,65,530 | 770958 /26.06.2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | (കരാറുകാരൻ) | | | /10dm3) | | |
| 7. | 246/16, കണലാട് വയൽ റോഡ് | ശ്രീ.ബഷീർ.കെ, 83/14-15 | -- | -- | 1,68,475 (23.19m3 @ 72.65 /10dm3) | 1,68,475 | 618230/ 21.07.2015 |
| 8. | 252/16, ഫാക്ടറിപ്പടി ക്ലബ് റോഡ് | ശ്രീ.സണ്ണി. എ.സി, 1/15-16 | -- | -- | 1,62,155 (22.32m3 @ 72.60/ 10dm3) | 1,62,155 | 618827/ 18.09.2015 |
| 9. | 341/16, കൈതപ്പൊയിൽ വാഴത്തോട്ടം റോഡ് | ശ്രീ.അബ്ദുൾ സലീം.എം. 40/15-16 | 1,06,438 (15.39m3 @ 6916.05 /1m30 | 79,465 (15.385m3 @ 5165.12 /1m3 | -- | 1,85,903 | 822090/ 29.03.2016 |
| 10. | 114/16, ആച്ചി വാനിക്കര ചേലമ്പ്ര റോഡ് | ശ്രീ.വി. ജോർജ്ജ്, (കരാറുകാരൻ), 59/14-15 | 1,59,600 (21m3 @ 76/10dm3) | -- | -- | 1,59,600 | 618150/ 15.07.12015 |
| 11. | 43/16, ചുരത്തിൽ പള്ളി റോഡ് | ശ്രീ.എം.കെ അബൂബക്കർ, 21/14-15 | 3,06,055 (46.19m3 @ 66.26 /10dm3) | -- | -- | 3,06,055 | 1. 618384 /30.07.2015 (55,642) 2.618831 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | /18.09.2015 (2,94,319) |
| 12. | 75/16, വള്ളിയാട്ട് കമ്പിലൈൻ കുട്ടപ്പോത്ത് റോഡ് | ശ്രീ.മജീദ് .സി, 72/14-15 | 1,85,992 (28.07m3 @ 66 /10dm3) | -- | -- | 1,85,992 | 618382/ 30.07.2015 |
| 13. | 89/16, മട്ടിക്കുന്ന് നിരപ്പിൽ റോഡ് | ശ്രീമതി.സിന്ധു, 45/15-16 | 1,65,269 (24.95m3 @ 66.24/ 10dm3) | 1,17,040 (24.95m3 @4691/ 1m3) | -- | 2,82,309 | 1. 822181/ 28.03.2016 (2,27359) 2. 822162/ 28.03.2016 (50,000) |
| 14. | 105/16, ഈരാച്ചിക്കണ്ടി കളത്തിൽറോഡ് | ശ്രീ.ഷാജി ജോർജ്ജ് (കരാർ), 71/14-15 | 1,22,360 (16.10m3 @ 76/10dm3 | -- | -- | 1,22,360 | 618889/ 28.09.2015 |
| 15. | 112/16, കുഞ്ഞുകുളം പള്ളിക്കുന്ന് റോഡ് | ശ്രീ. മുഹമ്മദ് കുട്ടി, 88/14-15 | 87,330 (13.18m3 @ 66/10dm3) | -- | -- | 87,330 | 618869/ 25.09.2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16. | 228/16, മണിയോട്ടുകുഴി പള്ളിക്കുന്ന് റോഡ് | ശ്രീ.അബ്ദുൾ സലാം .പി, 28/15-16 | 47,945 (7.236m3 @ 66/10m3) | -- | -- | 47,945 | 821673/ 01.03.2016 |
| 17. | 240/16, കൈതപ്പൊയിൽ വാഴത്തോട്ടം റോഡ് | ശ്രീ.കെ.സി ഷംസുദ്ദീൻ, 33/15-16 | 94,288 (14.23m3 @ 66.26 /10dm3) | 71,334 (14.23m3 @ 5013/1m3) | -- | 1,65,622 | 822091/ 23.03.2016 |
| ആകെ | | | 12,75,277 | 2,67,839 | 17,19,778 | 32,62,894 | |

മേൽ പട്ടികയിൽ ക്രമ നമ്പർ 1 മുതൽ 8 വരെയുള്ള പ്രവൃത്തികളുടെ കാര്യത്തിൽ 1:1.5:3 എന്ന അനുപാതത്തിലാണ് റോഡ് കോൺക്രീറ്റ് ചെയ്തത്. ചീഫ് എഞ്ചിനീയറുടെ 28.09.2015ലെ ഡി.ബി.4-9099/ 2015/സി.ഇ/ത.സ്വ.ഭ.വ. നമ്പർ സ്പഷ്ടീകരണ കത്തിൽ വാഹന ഗതാഗതം ഉള്ള പാതകൾക്ക് വാഹന ബാഹുല്യം, സബ് ഗ്രേഡിന്റെ ഉറപ്പ് എന്നിവ പരിഗണിച്ച് CC - 1:4:8, 10cm മുതൽ 15cm വരെയും CC - 1:2:4, 5cm മുതൽ 7.5cm വരെയും നൽകാവുന്നതാണെന്നും വ്യക്തമാക്കുന്നു. സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഇതിൽ ആവശ്യമായ വ്യതിയാനം വരുത്തുവാൻ എഞ്ചിനീയർക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതും ആയത് ആവശ്യമായ എഞ്ചിനീയറിംഗ് ഡിസൈനിംഗ് പ്രകാരം സാധൂകരിക്കേണ്ടതുമാണെന്നും സൂചിപ്പിക്കുന്നു. 1:1.5:3 എന്ന അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിന്റെ കാര്യം ചീഫ് എഞ്ചിനീയറുടെ മേൽ കത്തിലോ IRC സ്പെസിഫിക്കേഷനിലോ പരാമർശിക്കുന്നില്ല. ഈ സാഹചര്യത്തിൽ 17,19,778/- രൂപയുടെ (പട്ടികയിലെ ക്രമ നമ്പർ 1 മുതൽ 8 വരെയുള്ള പ്രവൃത്തികൾ) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തികൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ബാക്കിയുള്ള 15,43,116/- രൂപയുടെ (32,62,894-17,19,778) ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ഡി.ആർ.പേവിംഗിന് മുകളിൽ കോൺക്രീറ്റ് പ്രവൃത്തി- ഐ.ആർ.സി.സ്പെസിഫിക്കേഷനു വിരുദ്ധം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഡ്രൈറബിൾ പാകിയതിനു മുകളിലായി കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം, പേര് | കൺവീനർ/ കരാറുകാരൻ | ചെലവ് | ഫണ്ടിനം | എം.ബുക്ക് നം | ഡി.ഡി. നം. |
|---|---|---|---|---|---|---|
| 1. | 193/16,പള്ളിമുക്ക് ആനോറ റോഡ് (57 മീറ്റർ) | ശ്രീ.വി.കെ ആലി | 2,69,876 (CC-1:2:4, 40.73m3 @ 66.26/ 10dm3) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 60/14-15 | 619021/12.10.15 (2,20,000) 821741/11.3.16 (80,000) |
| 2. | 356/16, ഏലോക്കര ആശ്രമം ബൈപാസ് റോഡ് (DR പേവിംഗ്-36 മീ,ഇനം. നം.10) | ശ്രീ.ജോയി തോമസ് (കൺവീനർ) | 92,122 (CC-1:2:4, 13.32m3 @ 66.26/ 10dm3) | തനത് ഫണ്ട് | 38/15-16 | 822166/28.3.16 (1,84,820) |
| 3. | 119/16,എലേക്കര പുറ്റേൻ കുന്ന് റോഡ് | ശ്രീ.ജോസ്, വെല്ല്യാത്ത് (കൺവീനർ) | 1,88,841 (CC-1:2:4, 28.50m3 @ 66.26/ 10dm3) | വികസന ഫണ്ട്- 1,90,000, തനത് ഫണ്ട്- 10,000 | 156/12-13 (പേജ് നം. 21-24) | 770576/17.6.15 (10,000) 770965/26.6.15 (1,78,670) |
| 4. | 81/16, കാവുംപുറം റാട്ടകുന്ന് റോഡ് | ശ്രീ.അബ്ദുറഹിമാൻ കാവുംപുറത്ത് (കൺവീനർ) | 1,88,310 (CC-1:2:4, 28.42m3 @ 66.26/ 10dm3) | സംരക്ഷണ ഗ്രാന്റ്- 1,50,000, തനത് ഫണ്ട്- 1,00,000 | 84/14-15 | 618835/18.9.15 (1,38,701) 618836/12.10.15 (49,610) |
| 5. | 100/16,കാരക്കുന്ന് അമ്പലക്കണ്ടി റോഡ് (16m)-DR പേവിംഗിനു മുകളിൽ ടാറിംഗ്. | ശ്രീ.ഷാജി ജോർജ്ജ് (കരാറുകാരൻ) | 26,201 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 2,07,578 | 75/14-15 | 618078/30.7.15 (1,17,936) |
| ആകെ | | | 7,65,350 | | | |

ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ ഡി.ബി 4-7462/2012/സി.ഇ തസ്വഭവ നമ്പർ കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള റോഡ് പ്രവൃത്തികൾക്ക് ഐ.ആർ.സി സ്പെസിഫിക്കേഷൻ നിർദ്ദേശിക്കുന്നു. എന്നാൽ DR പേവിംഗിനു മുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരം വ്യവസ്ഥയില്ല. മേൽ ഉത്തരവിൽ ഡ്രൈറബിൾ പാക്കിംഗിന് മുകളിൽ കോൺക്രീറ്റിംഗ് പാടില്ലെന്ന് നിഷ്കർഷിക്കുന്നുമുണ്ട്. ഐ.ആർ.സി

സ്പെസിഫിക്കേഷന വിരുദ്ധമായി പ്രവൃത്തി നടത്തിയതിന് ചെലവായ 7,65,350 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തികൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-11 ക്രമ പ്രകാരമുള്ള ബിൽ ഹാജരാക്കിയില്ല - സർക്കാർ ഖജനാവിന് നഷ്ടം.

ഗ്രാമപഞ്ചായത്ത് 2015-16ൽ ഗുണഭോക്തൃ കമ്മിറ്റി നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സിമന്റ്, കമ്പി മുതലായവ താഴെ പട്ടികയിൽ പറയും പ്രകാരം പ്രവൃത്തിയുടെ കൺവീനർമാർ വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം | സിമന്റ്, കമ്പി മുതലായവ വാങ്ങിയ സ്ഥാപനത്തിന്റെ പേര് | ബിൽ. നം | നിരക്ക് | അളവ് (ബാഗ്) | തുക |
|---|---|---|---|---|---|---|
| 1. | എലോക്കര പുറ്റേൻകുന്ന് റോഡ്, 119/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. | | | | |
| 2, | കാവുംപുറം റാട്ടക്കുന്ന് റോഡ്, 81/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. സിമന്റ് സപ്ലൈ ചെയ്ത വകയിൽ 1,72,875/- രൂപ ശ്രീ. അനൂപ് എന്ന വ്യക്തി കൈപ്പറ്റിയതായി ഒരു വെള്ളക്കടലാസിലുള്ള രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | | | | 1,72,875 |
| 3. | പൊട്ടിക്കൈ എസ്.സി കോളനി റോഡ്, 233/16 | എലൈറ്റ് ഹാർഡ് വെയർ, കൈതപ്പൊയിൽ | 298/ 13.01.16 | 415 | 65 | 26,975 |
| 4. | എലോക്കര ആശ്രമം ബൈപാസ് റോഡ്, 356/16 | | 284/ 19.01.16 | 410 | 108 | 44,280 |
| 5. | പള്ളിമുക്ക് ആനോറ റോഡ്, 193/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. സിമന്റ് സപ്ലൈ ചെയ്ത വകയിൽ 1,08,000/- രൂപ മടേക്കൻ (വ്യക്തിയാണോ സ്ഥാപനമോ എന്ന് വ്യക്തമല്ല) കൈപ്പറ്റിയതായി ഒരു രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | | | | 1,08,000 |
| 6. | കുഞ്ഞികുളം പള്ളിക്കുന്ന് റോഡ് 112/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. സിമന്റ് സപ്ലൈ ചെയ്ത വകയിൽ 1,50,850/- രൂപ ശ്രീ. മുഹമ്മദ്കുട്ടി എന്ന വ്യക്തി കൈപ്പറ്റിയതായി ഒരു വെള്ളക്കടലാസിലുള്ള രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു (ക്വാറി | | | | 1,50,850 |

| | | | |
|---|---|---|---|
| | | വേസ്റ്റ്, മണൽ,മെറ്റൽ എന്നിവയുടെ വിലയും ഉൾപ്പെടുന്നു). | |
| 7. | ഫാക്ടറിപ്പടി ക്ലബ് റോഡ്, 252/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. സിമന്റ് സപ്ലൈ ചെയ്ത വകയിൽ 62,250/- രൂപ ഗോൾഡൻ സാനിറ്ററി എന്ന സ്ഥാപനം കൈപ്പറ്റിയതായി ഒരു രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | 62,250 |
| 8. | കുന്നത്ത് ജംഗ്ഷൻ പുഴ റോഡ്, 57/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. സിമന്റ് സപ്ലൈ ചെയ്ത വകയിൽ 13,440/- രൂപ ശ്രീ. അൻവറലി എന്ന വ്യക്തി കൈപ്പറ്റിയതായി ഒരു വെള്ളക്കടലാസിലുള്ള രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | 13,440 |
| 9. | അടിവാരം കളക്കുന്ന് റോഡ്, 94/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. സിമന്റ് സപ്ലൈ ചെയ്ത വകയിൽ 26,000/- രൂപ ഗോൾഡൻ സാനിറ്ററി എന്ന സ്ഥാപനം കൈപ്പറ്റിയതായുള്ള രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | 26,000 |
| 10. | ഈരാച്ചിക്കണ്ടി കളത്തിൽ റോഡ് , 105/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല<br>(1,22,322/- രൂപയുടെ കോൺക്രീറ്റ് വർക്ക് ചെയ്തിട്ടുണ്ട്) | |
| 11. | കിളിയിൽ കാക്കഞ്ചേരി റോഡ്, 60/16 | സിമന്റ്, കമ്പി എന്നിവ സപ്ലൈ ചെയ്ത വകയിൽ 2,15,000/- രൂപ അറ്റലസ് ഹാർഡ് വേർ എന്ന സ്ഥാപനം കൈപ്പറ്റിയതായുള്ള രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | 2,15,000 |
| 12. | കണലാട് വയൽ റോഡ്, 246/16 | സിമന്റ് സപ്ലൈ ചെയ്ത വകയിൽ 60,000/- രൂപ ഗോൾഡൻ സാനിറ്ററി എന്ന സ്ഥാപനം കൈപ്പറ്റിയതായുള്ള രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. രസീതിയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുമില്ല. | 60,000 |
| 13. | സൗത്ത് മലപുരം കുറുവേടത്ത് കുന്ന് റോഡ്, 108/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല<br>(1,76,352/- രൂപയുടെ കോൺക്രീറ്റ് വർക്ക് ചെയ്തിട്ടുണ്ട്) | |

| | | | | | | |
|---|---|---|---|---|---|---|
| 14. | മട്ടിക്കുന്ന് നിരപ്പിൽറോഡ്, 89/16 | എലൈറ്റ് ഹാർഡ് വെയർ, കൈതപ്പൊയിൽ | 257/ തീയതി ഇല്ല. | 400 | 251 | 1,00,400 |
| 15. | അടിവാരം സ്കൂൾ പൂളമുക്ക് റോഡ്, 45/16 | കപ്പലാടൻ ഹാർഡ് വേർസ്, വെസ്റ്റ് കൈതപ്പൊയിൽ | 21/ 12.05.15 | 415 | 15 | 6225 |
| 16. | കൈതപ്പൊയിൽ വാഴത്തോട്ടം റോഡ്, 240/16 | എലൈറ്റ് ഹാർഡ് വെയർ, കൈതപ്പൊയിൽ | 227/ തീയതി ഇല്ല. | 415 | 143 | 59,345 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 17. | കൈതപ്പൊയിൽ വാഴത്തോട്ടം റോഡ് | | 253/ 11.01.16 | 405 | 80 | 32,400 |
| 18. | മണിയോട്ടുകുഴി പള്ളിക്കുന്ന് റോഡ്, 228/16 | | 292/ 28.11.15 | 405 | 51 | 20,655 |
| 19. | മൂന്ന് സെന്റ് കോളനി റോഡ്, 352/16 | | 283/ 30.01.16 | 405 | 103 | 41,715 |
| 20. | പുലരി രോഡ്, 346/16 | | 213/ 13.03.16 | 415 | 45 | 18,675 |
| 21. | വള്ള്യാട് ട്രാൻസ്ഫോർമർ മുക്ക് റോഡ്, 323/16 | | 290/ 14.01.16 | 400 | 22 | 8,800 |
| 22. | അടിവാരം കണലാട് ലിങ്ക് റോഡ്, 315/16 | | 293/ തീയതി ഇല്ല. | 392 | 153 | 59,976 |
| 23. | കുഞ്ഞുകുളം കാരക്കുന്ന് റോഡ്, 319/16 | | 289/ 29.11.15 | 400 | 193 | 77,200 |
| 24. | വള്ളിക്കെട്ട് ബൈപാസ് റോഡ്, 300/16 | | 891/ 26.10.15 തീയതി ഇല്ല. | 425 | 187 | 79,475 |
| 25. | വള്ളിയാട് കമ്പിലൈൻ കുട്ടപ്പോത്ത് റോഡ്, 327/16 | എലൈറ്റ് ഹാർഡ് വെയർ, കൈതപ്പൊയിൽ | 274/ 26.09.15 | 425 | 53 | 22,525 |
| 26. | ചീരക്കുഴി റോഡ്, | | 877/ 07.12.15 | 410 | 40 | 16,400 |

| | | | | | | |
|---|---|---|---|---|---|---|
| | 294/16 | | | | | |
| 27. | താഴെ പരപ്പൻ റോഡ്,299/16 | | 420/ 08.12.15 | 420 | 102 | 42,840 |
| 28. | കുഞ്ഞുകുളം ആരാധന വെള്ളപ്പാംകുളം ബൈപാസ് റോഡ്, 328/16 | | 296/ 04.10.15 | 410 | 80 | 32,800 |
| 29. | കട്ടക്കമ്പനി GHS റോഡ്, 318/16 | | 235/ 09.09.15 | 425 | 70 | 29,750 |
| 30. | താഴെ വനഭൂമി റോഡ്, 38/16 | | 291/ 11.02.16 | 415 | 33 | 13,695 |
| 31. | മണൽ വയൽ കുരിശ് പള്ളി ബൈപാസ് റോഡ്, 50/16 | | 880/ 28.12.15 | 415 | 49 | 20,335 |
| 32. | എലിക്കാട് പൊട്ടിക്കൈ റോഡ് 47/16 | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. സിമന്റ് സപ്ലൈ ചെയ്ത വകയിൽ17,000 രൂപ ശ്രീ. തോമസ് എന്ന വ്യക്തി കൈപ്പറ്റിയതായി ഒരു രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | | | | 17,000 |
| 33. | മൈലള്ളാംപാറ നടപ്പാലം നിർമ്മാണം, 359/16 | കപ്പലാടൻ സ്റ്റീൽസ്, സുരഭി ബിൽഡിംഗ്,അടിവാരം | 105/ 20.02.15<br>52/ 18.01.15 | 415<br>415 | 200<br>110 | 83,000<br>45,650 |
| | -ടി- | -ടി- (സ്റ്റീൽ) | 85/18.01.15<br>143/ 28.01.15 | --<br>-- | --<br>-- | 17,000<br>95,400 |
| 34. | പി.എച്ച്.സി കെട്ടിട നിർമ്മാണ | സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ ലഭ്യമല്ല. സിമന്റ് സപ്ലൈ ചെയ്ത വകയിൽ 1,11,350 രൂപ + 93,500 രൂപ ശ്രീ. ബാബു എന്ന വ്യക്തി കൈപ്പറ്റിയതായുള്ള രസീതികൾ | | | | 2,04,850 |

| | | | |
|---|---|---|---|
| | | മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | |
| | | കമ്പി വാങ്ങിയതിന്റെ ബിൽ ഫയലിൽ ലഭ്യമല്ല. കമ്പി സപ്ലൈ ചെയ്ത വകയിൽ 1,56,000/- രൂപ ശ്രീ. സലാം എന്ന വ്യക്തി കൈപ്പറ്റിയതായുള്ള രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | 1,56,000 |
| | പൂർത്തീകരണം, 53/16 | ടൈൽ സപ്ലൈ ചെയ്ത വകയിൽ 85,000/- രൂപ ശ്രീ. മുഹമ്മദ് എന്ന വ്യക്തി കൈപ്പറ്റിയതായുള്ള രസീതി മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | 85,000 |
| | | സാനിറ്ററി, പി.വി.സി പൈപ്പ് എന്നിവ സപ്ലൈ ചെയ്ത വകയിൽ 43,000/- രൂപ ശ്രീ. ബാബു എന്ന വ്യക്തിയും 17,650/- രൂപ ശ്രീ. നൗഷാദ് എന്ന വ്യക്തിയും കൈപ്പറ്റിയതായുള്ള രസീതികൾ മാത്രം ഫയലിൽ അടക്കം ചെയ്തിരിക്കുന്നു. | 50,650 |
| | | ആകെ | 23,17,431 |

മേൽ പട്ടികയിൽ സൂചിപ്പിച്ചു പോലെ ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയ മിക്ക നിർമ്മാണ പ്രവൃത്തികളിലും സിമന്റ്, കമ്പി മുതലായ മെറ്റീരിയലുകൾ വാങ്ങിയതിനുള്ള ബില്ലുകൾ ഫയലിൽ അടക്കം ചെയ്യുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തില്ല. എന്നാൽ ചില നിർമ്മാണ പ്രവൃത്തികൾക്ക് സിമന്റ് വാങ്ങിയതിന് സ്ഥാപനം നൽകിയ ബില്ലുകൾ ഫയലിലുണ്ടെങ്കിലും ആയത് ക്രമപ്രകാരമുള്ളതല്ല (Form-8B). ആയതിനാൽ "വാറ്റ്" ഇനത്തിൽ സർക്കാർ ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ വിവരം സംസ്ഥാന വാണിജ്യ നികുതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## 3-12 എം.പി.ഫണ്ട്, മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുക എന്നിവ വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല.

16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക നമ്പർ 11.9(എ.ബി.സി.ഡി.) പ്രകാരം തദ്ദേശഭരണ സ്ഥാപനം പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ ചെയ്യേണ്ടുന്നതും, തദ്ദേശഭരണ സ്ഥാപനവുമായി ചേർന്നോ അല്ലാതെയോ മറ്റ് വകുപ്പുകളോ ഏജൻസികളോ, സ്ഥാപനങ്ങളോ, സംഘടനകളോ, മിഷനുകളോ, വ്യക്തികളോ ചെയ്യേണ്ടുന്നതും വിവിധ മേഖലകളിൽപ്പെടുന്നതുമായ

പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമഗ്ര പരിപാടികൾ തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര പരിപാടിയിൽ വിഭവസമാഹരണവും, സമഗ്രതയും ഉറപ്പ് വരുത്തുന്നതിനായി അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന നിയോജകമണ്ഡലാടിസ്ഥാനത്തിൽ അതാത് എം.എൽ.എ, എം.പി.മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം നടത്തണം. എന്നാൽ മേൽ രീതിയിലെ പ്രവർത്തനങ്ങൾ ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളിൽ എം.പി.യുടെ വികസന ഫണ്ട്, സംസ്ഥാന പട്ടികജാതി, പട്ടിവർഗ്ഗ വകുപ്പിൽ നിന്നും ലഭിച്ച കോർപ്പസ് ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് തുടങ്ങിയവ വിനിയോഗിച്ച് വിവിധ മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിക്കുന്നത് പദ്ധതി രൂപീകരണമില്ലാതെയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവർത്തിയുടെ പേര് | കൺവീനറുടെ പേര് | ചെലവ് തുക | വൗച്ചർ നം, തീയ്യതി | ഫണ്ട് തരം |
|---|---|---|---|---|
| അടിവാരം - പൊട്ടിക്കൈ റോഡ് | ശ്രീ.അബ്ദുൾ കാസിം | 461808 | 21500838, 08.12.2015 | എം.പി.യുടെ വികസന ഫണ്ട് |
| കൊട്ടാരക്കോത്ത് നീട്ടിക്കൽ പുല്ലുമല റോഡ് | ശ്രീ.കെ.സി.സുഹൈബ് | 500000 | 21501269, 31.03.2016 | വെള്ളപൊക്ക ദുരിതാശ്വാസ ഫണ്ട് |
| ഈങ്ങാപ്പുഴ വെളുപ്പാൻകുളം പാറശ്ശേരി റോഡ് | ശ്രീ.എ.വി.ഏലിയാസ് | 184881 | 21501277, 31.03.2016 | |
| കൊട്ടാരക്കോത്ത് പി.ഡി.മല റോഡ് | ശ്രീ.കെ.എം.സിദ്ധിക്ക് | 398780 | 21501280, 31.03.2016 | |
| ആറ്റുപറമ്പ് വളഞ്ഞപ്പാറ റോഡ് | ലഭ്യമല്ല | 399496 | 21501279, 31.03.2016 | |
| ഏലോക്കര സെന്റ് വിൻസെന്റ് ധ്യാന കേന്ദ്രം റോഡ് | | 398665 | 21501278, 31.03.2016 | |
| പാറശ്ശേരി എസ്.റ്റി.കോളനി റോഡ് | ശ്രീ.ജോബിഷ്.കെ.ഇ. | 812965 | 21500551, 07.09.2015 | കോർപ്പറസ് ഫണ്ട് |

| | | | | |
|---|---|---|---|---|
| പദ്ധതി | | 1046015 | 21501184, 24.03.2016 | |
| പയോണ എസ്.റ്റി കോളനി കിണർ നിർമ്മാണം, | ശ്രീ.പി.ജി.ബാബു | 252331 | 21500621, 05.10.2015 | |
| | | 28537 | 21501186, 24.03.2016 | |
| | ആകെ | 4483478 | | |

പ്രസ്തുത പ്രവൃത്തികളുടെ കൺവീനർമാരെ പഞ്ചായത്ത് ഭരണസമിതി തന്നെ നേരിട്ട് തെരഞ്ഞെടുത്ത് ശുപാർശ ചെയ്യുന്നതാണ്. 1994 ലെ കേരള പഞ്ചാത്ത് രാജ് നിയമം 3എ(ബി) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശ്ശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശ്ശിക്കുകയും ചെയ്യേണ്ടത് ഗ്രാമസഭയുടെ അധികാരങ്ങളിലും, ചുമതലകളിലും, അവകാശങ്ങളിലും പെടുന്നവയാണ്. എന്നാൽ ഗ്രാമസഭകളിൽ ചർച്ച ചെയ്യാപ്പെടാതെയാണ് മേൽ പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്. ഫണ്ട് വിനിയോഗം സംബന്ധിച്ചും പഞ്ചായത്ത് പരിധിയിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ചും ശരിയായ വിവരം ലഭ്യമായിരുന്നിട്ടും മേൽ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽപെടുത്തിയിട്ടില്ല. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-13** <u>പെററി റിപ്പയർ വർക്ക്- സർക്കാർ നിർദ്ദേശവും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ നിർദ്ദേശവും പാലിച്ചില്ല.</u>

10.01.2000 ലെ 4676/പി.3/99/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഘട്ടത്തിൽ 10,000/- രൂപ വരെയുള്ള പെറ്റി വർക്കുകളാണ് തനത് ഫണ്ട് വിനിയോഗിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ഇല്ലാതെ ഏറ്റെടുക്കാവുന്നത്. ഈ രീതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ തുടർന്ന ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്ത് സാധൂകരണം വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തണം. (ഗവ. ലെററർ നം.39957/ ഡി.ബി/09/ ത.സ്വ.ഭ.വ. 08-08-2009, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ 23-07-2009 ലെ തീരുമാനം. 23) എന്നാൽ ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ട് വിനിയോഗിച്ച് വിവിധ ഇനങ്ങൾക്ക് അടിയന്തിര റിപ്പയർ വർക്കുകൾ നടത്തിയത് ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യുകയോ, സാധൂകരണത്തിന വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തുകയോ ചെയ്തില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്, | വൗച്ചർ നമ്പർ, തീയ്യതി | ചെലവ് തുക |
|---|---|---|
| ഇൻവർട്ടറിന്റെ ബാറ്ററി മാറ്റൽ | 21500569, 17.09.2015 | 11,500 |
| സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 21500586, 29.09.2015 | 11,855 |
| വെസ്റ്റ് പുതുപ്പാടി - ഉറുമി റോഡ് ക്വാറി വേസ്റ്റ് ഫില്ലിംഗ് | 21501055, 15.02.2016 | 10,000 |
| 21 വാർഡുകളിലെ സേവാഗ്രാമ കേന്ദ്രങ്ങൾക്ക് 4x3 സൈസ്സ് വലുപ്പത്തിൽ ബോർഡ് സ്ഥാപിക്കൽ | 21500505, 19.08.2015 | 31,500 |
| പെരുമ്പള്ളി - കുറുവേടത്ത് കുന്ന് റോഡ് ക്വാറി വേസ്റ്റ് ഫില്ലിംഗ് | 21500513, 19.08.2015 | 9,600 |
| ക്വാറി വേസ്റ്റ് ഫില്ലിംഗ്, ശ്രീ.റഷീദിന് നൽകിയത് | 21500514, 19.08.2015 | 9,600 |
| | 21500506, 19.08.2015 | 9,200 |
| തെരുവ് വിളക്ക് റിപ്പയർ | 21500252, 09.06.2015 | 99,320 |
| തെരുവ് വിളക്ക് റിപ്പയർ | 21500247, 28.06.2015 | 22,400 |
| തെരുവ് വിളക്ക് റിപ്പയർ | 21500401, 17.07.2015 | 19,200 |

| | | |
|---|---|---|
| | | |
| ആകെ | | 2,44,175 |

സർക്കാർ നിർദ്ദേശം പാലിക്കാതെ പെറ്റി വർക്കുകൾക്കായി ചെലവഴിച്ച തുക 2,44,175/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ചെലവിനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-14 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, മറ്റു രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ പറയുന്നു.

1. അളവ് പുസ്തകത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.

2. ഗുണഭോക്തൃ കമ്മിറ്റി നിർവ്വഹണ ചുമതലയേറ്റെടുത്ത റോഡ് പ്രവൃത്തികളിൽ സിമന്റ് ആവശ്യമായി വരുന്ന സംഗതികളിൽ ആയത് വാങ്ങിയതിന് സ്ഥാപനം നൽകിയ ബിൽ ക്രമപ്രകാരമുള്ളതല്ല. ചില പ്രവൃത്തികൾക്കാവശ്യമായ സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ അടക്കം ചെയ്തില്ല(ഉദാ: എലോക്കര-പുറ്റേൻ കുന്ന് റോഡ് ,പ്രോജക്ട് നം. 119/16). ്കൂടാതെ ബിറ്റുമെൻ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ ബിറ്റുമെൻ വാങ്ങിയതിന്റെ ബിൽ ഫയലിൽ അടക്കം ചെയ്തില്ല (ഉദാ: ട്രാൻസ്ഫോർമർമുക്ക് വള്ളിയാട് റോഡ്, പ്രോജക്ട് നം. 234/16).

3. ഓഡിറ്റ് വർഷത്തിൽ കരാറുകാർ നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച ഫയലിൽ അവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് അടക്കം ചെയ്തില്ല.

4. 2015-16 വർഷം കരാറുകാർ ഏറ്റെടുത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലിലൊന്നും തന്നെ നികുതി കോംപൗണ്ട് ചെയ്തതിന്റെ രേഖയില്ല.

5. മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം 7,91,96,949 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 4,29,36,772 രൂപയാണ് പ്രവൃത്തിക്കായി ചെലവഴിച്ചത് (54.22%) മാത്രമാണ്.

6. ഗ്രാമപഞ്ചായത്ത് 2015-16 ൽ നടപ്പിലാക്കിയ ഏതാനും റോഡ് പ്രവൃത്തികൾ സോളിംഗ് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു (ഉദാ: കൊക്കാപ്പിള്ളി റോഡ്-301/16, ഒടുങ്ങാക്കാട് പെരിങ്കല്ലൻ മൂല റോഡ്-99/16, ഒരുക്കുഴി റോഡ്-201/16). മെറ്റലിംഗ്, ടാറിംഗ് എന്നിവ വർഷങ്ങൾക്കുശേഷം ചെയ്യുന്ന അവസരത്തിൽ മുൻപ് സോളിംഗ് ചെയ്ത ഭാഗം തകരാറിലായിട്ടുണ്ടെങ്കിൽ ആയത് റീ സോൾ ചെയ്യേണ്ടി വരുകയോ ലവൽ പ്രവൃത്തിയോ ചെയ്യേണ്ടി വരുന്നു. ഇത് ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത

ഉണ്ടാക്കുന്നതാണ്.

ഇത്തരം അപാകതകൾ പരരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 മുൻകൂർ പണം നൽകി 10 മാസം കഴിഞ്ഞിട്ടും ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് ലഭ്യമായില്ല.

പ്രൊജക്ട് പേര്, നം - ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്നും അനുബന്ധ വസ്തുക്കളും വാങ്ങൽ, 1/16

ഡി.ഡി നം, തീയ്യതി - 619921, 22/250000/22.01.2016

ഫണ്ട് തരം മെയിന്റനൻസ് ഫണ്ട്,

നിർവഹണ ഉദ്യോഗസ്ഥൻ - ഹോമിയോ മെഡിക്കൽ ഓഫീസർ

പ്രോജക്ട് പ്രകാരം പഞ്ചായത്തിനു കൈമാറികിട്ടിയ കാക്കവയൽ ഹോമിയോ ഡിസ്പെൻസറി, പുഴങ്കുന്ന് എസ്സ്.സി ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങാൻ വേണ്ടി മേൽ വിവരിച്ച ഡി.ഡി.കൾ മുഖേന 2,50,000/- രൂപ (125000x2) ഹോംകോയ്ക്ക് കൈമാറി. ഇതിൽ പുഴങ്കുന്ന് ഹോമിയോ ഡിസ്പെൻസറിയിലേയ്ക്കുള്ള മരുന്ന് ഓഡിറ്റ് കാലയളവ് വരേയും ലഭിച്ചിട്ടില്ല. കൈമാറികിട്ടിയ ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകൾ കാലതാമസമില്ലാതെ ലഭ്യമാക്കേണ്ടതാണ് എന്ന വസ്തുത നിലനിൽക്കെയാണ് പദ്ധതി തുക കൈമാറി 10 മാസക്കാലയളവ് ആയിട്ടും മരുന്നുകൾ ലഭ്യക്കാത്ത സാഹചര്യം വന്നത്. മരുന്നുകൾ ലഭ്യമാകാതിരുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥ വീഴ്ച വരുത്തി. 1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം.6 പഞ്ചായത്തിലേക്ക് ഏതെങ്കിലും സാധനങ്ങൾ സംഭരിച്ചു കൊടുക്കുന്നതിനും, സേവനം ലഭ്യമാക്കുന്നതിനും ഉള്ള സംഗതിയിൽ ആയിരം രൂപയിൽ കവിയുന്ന ചെലവ് വരുകയാണെങ്കിൽ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും ആ കരാറിൽ ലഭ്യമാക്കേണ്ട അവസാന തീയ്യതി അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞിരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ഹോംകോയുമായി കരാർ ചമയ്ക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ മരുന്നിനായി തുക അനുവദിച്ചത്. വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ച തുകയിൽ 1,25,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ, പേര് - 256/16, തെരുവ് നായ വന്ധ്യകരണം.

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ തുക - 2,00,000 /- (തനത് ഫണ്ട്)

ചെലവ് തുക – 2,00,000/- (വൗച്ചർ നം.21501223, 29.03.2016)

തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ജില്ലാ തലത്തിൽ നടപ്പാക്കുന്ന പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 2,00,000/- രൂപ പിൻവലിച്ച് (ഡി.ഡി.നം.822526/04.04.2016) ജില്ല പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ജില്ല പഞ്ചായത്ത് നടപ്പാക്കിയതിന്റെ വിശദാംശങ്ങളോ, തുക ഫലപ്രദമായി വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-17 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

30.05.2009ലെ (സാധാ) നം.1275/2009/ത.സ്വ.ഭ.ല നമ്പർ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം (ഖണ്ഡിക.നം.3-2,3.) തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കേണ്ടതും കുടിവെള്ള പദ്ധതികളുടെ തുടർസംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ ഗ്രൂപ്പുകളുടെ ചുമതലയിൽ നടത്തേണ്ടതുമാണ്. (വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം തുടങ്ങിയവ). മേൽ ഉത്തരവ് ശ്രദ്ധയിൽ പെടുത്തി മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചെങ്കിലും സർക്കാർ നിർദ്ദേശം പാലിക്കാതെ നിലവിലും പഞ്ചായത്ത് പരിധിയിലെ 2 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ അടവാക്കുന്നത് തനത് ഫണ്ടിൽ നിന്നുമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കൈതപൊയിൽ കുടിവെള്ള പദ്ധതി, കൺസ്യൂമർ നം.105 | | | | പുഴങ്കുന്ന് കുടിവെള്ള പദ്ധതി കൺസ്യൂമർ നം.5649 | |
|---|---|---|---|---|---|
| വൈദ്യുതി ചാർജ്ജ് | | പമ്പ് ഓപ്പറേറ്ററുടെ വേതനം | | വൈദ്യുതി ചാർജ്ജ് | |
| വൗച്ചർ നം, തീയ്യതി | തുക | വൗച്ചർ നം, തീയ്യതി | തുക | വൗച്ചർ നം, തീയ്യതി | തുക |
| 21500056, 15.04.2015 | 9118 | 21500043, 09.04.2015 | 3000 | 21500057, 15.04.2015 | 2620 |
| 21500153, 15.05.2015 | 7994 | 21500158, 15.05.2015 | 3000 | 21500155, 15.05.2015 | 2615 |
| 21500267, 15.06.2015 | 9990 | 21500339, 01.06.2015 | 3000 | 21500268, 15.06.2015 | 1934 |

| | | | | | |
|---|---|---|---|---|---|
| 31500099, 08.07.2015 | 6832 | 21500503, 19.08.2015 | 3000 | 31500099, 08.07.2015 | 1381 |
| | 8540 | 21500574, 22.09.2015 | 3000 | 21500578, 23.09.2015 | 1849 |
| 21500672, 05.10.2015 | 8613 | 21500649, 08.10.2015 | 3000 | 21500683, 09.10.2015 | 1849 |
| 21500682, 09.10.2015 | 7101 | 21500786, 20.11.2015 | 3000 | 21500776, 12.11.2015 | 1849 |
| 21500879, 31.12.2015 | 7149 | 21500855, 15.12.2015 | 3000 | 21500878, 30.12.2015 | 1849 |
| 21500965, 27.01.2016 | 8586 | 21500944, 23.01.2016 | 3000 | 21500968, 27.01.2016 | 1849 |
| 21501047, 15.02.2016 | 8579 | 21501043, 12.02.2016 | 3000 | 21501052, 15.02.2016 | 1849 |
| 21501218, 29.03.2016 | 12509 | 21501221, 29.03.2016 | 3000 | 21501217, 29.03.2016 | 1849 |
| | 95011 | | 33000 | | 21493 |
| ആകെ - 1,49,504 (95011+33000+21493) | | | | | |

പഞ്ചായത്ത് ഫണ്ടിൽ നിന്നും മേലിനത്തിൽ തുക ചെലവഴിച്ചതിനാധാരമായ ചെലവ് തുക 1,49,504/- രൂപ തടസ്സം ചെയ്യുന്നു. അനുമതിവിവരം ലഭ്യമാക്കേണ്ടതാണ്.

## 3-18 <u>സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 156 (4) (സി) പ്രകാരം ഒരു പഞ്ചായത്ത് പ്രസിഡന്റിന് സർക്കാർ അതതു സമയം നിശ്ചയിച്ചേക്കാവുന്ന പരിധിയിൽ കണ്ടിജന്റ് ചെലവുകൾ ചെയ്യാവുന്നതാണ്. 18.01.1997ലെ (എം.എസ്)നം.18/97/ത.ഭ.വ. ഉത്തരവിലൂടെ ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരു സമയത്ത് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. (ഗ്രാമപഞ്ചായത്തിന് പരമാവധി ചെലവ് 5,000/- രൂപ)27.05.1998ലെ (എം.എസ്)107/98/ത.ഭ.വ. നമ്പർ ഉത്തരവിലൂടെ പഞ്ചായത്തുകളിലെ കണ്ടിജന്റ് ചെലവുകൾ ഏതെല്ലാം ഓഫീസ് കാര്യങ്ങൾക്കായിരിക്കണമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകൾക്ക്

വിരുദ്ധമായി പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ കണ്ടെത്തിയ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക | വൗച്ചർ നം, തീയ്യതി |
|---|---|---|---|
| 1 | 2015 അതുല്യം പൊതു പരീക്ഷ എഴുതിയ പഠിതാക്കൾക്ക് ഭക്ഷണം. | 5,000 | 2150029, 20.06.2015 |
| 2 | യു.എസ്.എസ്. പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് ഭക്ഷണം. | 3,120 | 21500251, 09.06.2015 |
| 3 | റിട്ടയർ ചെയ്യുന്ന ഹെഡ്മാസ്റ്റർക്ക് മൊമെന്റോ വാങ്ങിയ ചെലവ് | 2,000 | 21500252, 09.06.2015 |
| 4 | ദേശീയ വിദ്യാഭ്യാസം പഞ്ചായത്ത് തല ദിനാഘോഷത്തിന് വന്ന ഭക്ഷണ ചെലവ് | 10,000 | 21500651, 08.10.2015 |
| | ആകെ | 20,120 | |

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവ് തുക 20,120/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും നിയമാനുസൃത പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 നിയമവിരുദ്ധമായി പഞ്ചായത്തിൽ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജിവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട

നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ പഞ്ചായത്തിന് മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ സർക്കാർ അനുവദിച്ച തസ്തികകൾ, പ്രത്യേക ഉത്തരവുകൾ മുഖാന്തിരമുള്ള നിയമനങ്ങൾ എന്നിവ കൂടാതെയും പഞ്ചായത്ത് ഭരണസമിതി സ്വയം തീരുമാനമെടുത്ത് തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| നിയമനം ലഭിച്ച വ്യക്തിയുടെ പേര് | ഭരണസമിതി തീരുമാനം നം, തീയ്യതി | തസ്തിക |
|---|---|---|
| ശ്രീ.കെ.ആർ.വേലായുധൻ | 6/15(1), 04.08.2015 | മാലിന്യ കൊണ്ടുവുന്ന ലോറിയിൽ ക്ലീനർ |
| ശ്രീമതി.ആയിഷ | ലഭ്യമല്ല | ഓഫീസ് അറ്റന്റർ |

സർക്കാരിന്റെ അനുമതിയില്ലാതെ അനധികൃത നിയമനങ്ങൾ നടത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്ത് കാര്യാലയത്തിലെ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിയമനാധികാരിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതുമായി ബന്ധപ്പെട്ട ചെലവുകൾ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## **3-20** <u>അസാധാരണ ചെലവിന്റെ വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കുന്നില്ല.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവു ചട്ടങ്ങളിലെ ) ചട്ടം 3(1) ൽ ഏതെല്ലാം

ഇനങ്ങളാണ് അസാധാരണ ചെലവിൽ ഉൾപ്പെടുന്നതെന്ന് പ്രതിപാദിക്കുന്നുണ്ട്. ചട്ടം.5 ൽ ഇതു സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്നും രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരം ഒരു രജിസ്റ്റർ സൂക്ഷിച്ചില്ല. ഓഡിറ്റിന്റെ ഭാഗമായി ഇത്തരത്തിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും ചെലവുകളുടെ ഉദാഹരണം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ, തീയ്യതി | ചെലവ് ഇനം | തുക |
|---|---|---|
| 21500049, 13.04.2015 | തിരിച്ചറിയൽ കാർഡ് വിതരണ ചടങ്ങ്. | 2952 |
| 21500072, 21.04.2015 | സി.ഡി.എസ്. ഭരണസമിതിക്ക് സ്വീകരണം. | 3192 |
| 21500070, 21.04.2015 | മക്കപ്പാറ എസ്.സി. കോളനി കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം. | 2500 |
| 21500373, 06.07.2015 | ഉയർന്ന മാർക്ക് നേടിയവർക്ക് മെമന്റോ. | 6440 |
| 21500398, 16.07.2015 | നെരുക്കും ചാൽ വെണ്ടകം ചാൽ പദ്ധതി ഉദ്ഘാടനം. | 5430 |
| 21500570, 17.09.2015 | ക്ഷീരഗ്രാമ പദ്ധതി ഉദ്ഘാടനം. | 5000 |
| 21500571, 17.09.2015 | കാരുണ്യ ഭവന പദ്ധതി ഉദ്ഘാടനം | 3000 |
| 21501021, 05.02.2016 | പഞ്ചായത്ത് ദിനാഘോഷം. | 10000 |
| 21501030, 10.02.2016 | പഞ്ചായത്ത് ദിനാഘോഷം. | 2000 |
| 21501181, 24.03.2016 | നാലാം വാർഡ് അങ്കണവാടി കെട്ടിട ഉദ്ഘാടനം. | 6545 |

അസാധാരണ ചെലവ് സംബന്ധിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതും രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 3-21 <u>മുൻകൂറായി അനുവദിച്ച തുക ക്രമവൽകരിച്ചില്ല.</u>

പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെ പറയുന്ന രീതിയിൽ മുൻകൂറായി തുക അനുവദിച്ചത് ഓഡിറ്റ് കാലയളവ് വരേയും ക്രമവൽകരിച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(വൗച്ചർ/ചെക്ക് നമ്പറുകൾ മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല)

| ജീവനക്കാരന്റെ പേര്, തസ്തിക | തുക | തീയ്യതി | തുക അനുവദിച്ച ഇനം |
|---|---|---|---|
| ശ്രീ.അഹമ്മദ് റഷീദ് | 4000 | 24.08.2014 | ഉൽസവ ബത്ത |

| | | | |
|---|---|---|---|
| ശ്രീമതി ആയിഷകുട്ടി സുൽത്താൻ പ്രസിഡന്റ് | 1000 | 30.08.2013 | യാത്ര ബത്ത |
| | 1000 | 22.11.2014 | |
| | 1000 | | |
| ശ്രീമതി.അമ്പിളി.വി.പി | 10000 | 14.05.2015 | ഉൽസവ ബത്ത |

മുൻകൂറിനത്തിൽ കൈപ്പറ്റിയ തുക മേൽ ജീവനക്കാരിൽ നിന്നും ബർത്തിയാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈടാക്കാൻ ബാക്കിയായത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. (കേരള ഫിനാൻഷ്യൽ കോഡ് വോള്യം.1, ആർട്ടിക്കൾ.88) തുക അനുവദിച്ച് ബർത്തിയാക്കുവാൻ കാലതാമസം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-22** പഞ്ചായത്ത് പരിധിയിൽ അനധികൃതമായി താമസിക്കുന്നവർക്ക് താമസാനുവാദം നൽകുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166, ഉപവകുപ്പ് (1), പട്ടിക.3ൽ ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ, കർത്തവ്യങ്ങൾ, അധികാരങ്ങൾ എന്നിവ വിശദീകരിച്ചിട്ടുണ്ട്. മേൽ പട്ടികയിലെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ക്രമ നമ്പർ VII പ്രകാരം ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പരിധിയിലെ ഭവനരഹിതരേയും പുറമ്പോക്ക് നിവാസികളേയും കണ്ടെത്തി ഭവനനിർമ്മാണത്തിനായി ഭൂമിയും, ഭവനങ്ങളും നൽകുകയാണ് വേണ്ടത്. ടി വകുപ്പിലെ മൂന്നാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും വസ്തുവകകളും ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണെന്ന് അനുശാസിച്ചതിന്റെ അടിസ്ഥാനത്തിലാണ് റോഡുകളടക്കമുള്ള വസ്തുവകകളും സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതും അവയുടെ സംരക്ഷണവും നടത്തിപ്പും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാവുന്നതും. എന്നാൽ ഓഡിറ്റ് വർഷത്തിലെ പഞ്ചായത്ത് ഭരണ സമിതിയുടെ വിവിധ യോഗങ്ങളിൽ ഭൂമി രഹിതരും, ഭവന രഹിതരുമായ വ്യക്തികൾക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഭൂമികളിൽ താമസാനുവാദം നൽകുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി വിവിധ ഓഫീസ് നടപടി ക്രമങ്ങളിലൂടെ പ്രസ്തുത വ്യക്തികൾക്ക് താമസാനുവാദ പത്രികയും നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് കാലയളവ് വരെ 17 പേർക്ക് പഞ്ചായത്ത് പരിധിയിലെ ഭൂമികൾ പ്രസ്തുത രീതിയിൽ സെക്രട്ടറി അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി താമസിക്കുന്നവർക്ക് താമസാനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് ഉടമസ്ഥർ അപേക്ഷകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായാണ് താമസാനുവാദം നൽകിയത്.

10.08.2009 ലെ 48297/ആർ.എ.1/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലൂടെ പുറമ്പോക്ക് ഭൂമികളിൽ അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ച് താമസിക്കുന്നവർക്ക് റേഷൻകാർഡ്, വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുവാൻ പ്രയാസം നേരിടുന്നതിനാലാണ് താൽകാലിക കെട്ടിട നമ്പർ നൽകുവാൻ സർക്കാർ നിർദ്ദേശിച്ചത്. പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വിവിധ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തുകൾ മുഖേന നടപ്പാക്കുമ്പോഴാണ് ഭൂരഹിതരും ഭവനരഹിതരുമായ മേൽ വിഭാഗങ്ങൾക്ക് മറ്റ് സർക്കാർ ഭൂമികളിൽ താമസാനുവാദം നൽകുന്നത്.

1958 ലെ കേരള ഭൂപരിഷ്കരണ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പുറമ്പോക്ക് ഭൂമികളിൽ വ്യക്തികൾ അനധികൃതമായി കയ്യേറുന്നത് ശ്രദ്ധയിൽപെട്ടാൽ മേൽ വിവരം ജില്ലാ കളക്ടറെ അറിയിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്ത് അധികാരികൾ പാലിച്ചില്ല. മേൽ വിവരിച്ച അപാകതക ഓഡിറ്റ് അന്വേഷണകുറിപ്പ് മുഖേന (നമ്പർ.07/15-16 തീയ്യതി. 31.10.2016) നൽകിയതിന് സെക്രട്ടറി നിയമപരമായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരണകുറിപ്പ് ലഭ്യമാക്കി. പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആദ്യ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-23 പ്രൊബേഷൻ പൂർത്തീകരിക്കാത്ത ജീവനക്കാർക്ക് രണ്ടാം ഇൻക്രിമെന്റ് നൽകി.

16.08.1999നും 31.12.2003 നുമിടയിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള 2677 അംഗപരിമിതരെ 18.05.2013ലെ (പി)40/13/സാ.നീ.വ. നമ്പർ ഉത്തരവിലൂടെ വിവിധ വകുപ്പുകളിൽ സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം സർക്കാർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ 2 സൂപ്പർ ന്യൂമറി തസ്തിക ലഭിച്ചു. ആയതിൽ യഥാക്രമം 2 പേരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് 03.02.2016 ലെ (അച്ചടിച്ചത്) നം.1/16/സാ.നീ.വ. ഉത്തരവിലൂടെ സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 3(1) പ്രകാരം പ്രസ്തുത ജീവനക്കാർക്ക് നൽകേണ്ട ഇൻക്രിമെന്റ് സ്ഥിരം ജീവനക്കാർക്ക് എന്ന പോലെ നിലവിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഖണ്ഡിക. 3(5) ൽ മേൽ വിഭാഗക്കാർക്ക് സ്ഥിരജീവനക്കാരെ പോലെ സീനിയോറിറ്റിക്കും പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരം നിയമിതരായ ജീവനക്കാർക്ക് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന

സമയപരിധിക്കുള്ളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനു ശേഷമേ രണ്ടാമത്തെ ഇൻക്രിമെന്റിന് അർഹതയുള്ളൂ. എന്നാൽ മേൽ ഉത്തരവ് പ്രകാരം നിയമിതരായ ജീവനക്കാർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും അർഹതയില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ സ്ഥിരം ജീവനക്കാർക്ക് നൽകേണ്ട ഇൻക്രിമെന്റ് വ്യവസ്ഥകൾ പ്രസ്തു ജീവനക്കാർക്ക് അനുവദിക്കുവാൻ സാധിക്കുകയില്ല. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോടപേക്ഷിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനിർദ്ദേശം നൽകുന്നതാണ്.

## 3-24 തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി Xv പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ അസംഘടിത, അവിദഗ്ദ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാദ്ധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ദ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 240/- രൂപ). പദ്ധതി നടത്തിപ്പിനായി പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര തുക വേണമെങ്കിലും ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽരഹിതർക്കും, അവിദഗ്ദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതിയിലൂടെ പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ

അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷത്തിൽ തൊഴിൽരഹിത വേതനം വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|
| 164 | 3,69,000 |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നിരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽരഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-25 സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകളെ മൈക്രോ സംരംഭങ്ങളിലേക്ക് കൊണ്ടു വന്ന് സ്ഥായിയായ തൊഴിൽ സംരംഭങ്ങളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ഇല്ലാതാക്കുന്നതിനായി കുടുംബശ്രീ മുഖേന മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി മുഖേന സബ്സിഡി ലഭിച്ച് ആരംഭിച്ച തൊഴിൽ സംരംഭങ്ങളുടെ നിലവിലെ പ്രവർത്തനങ്ങൾ, സംരംഭങ്ങളുടെ വിജയ, പരാജയങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചില സംരംഭങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രസിഡന്റിന്റെ പേര് യൂണിറ്റിന്റെ പേര്, തൊഴിൽ | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പദ്ധതി തുക | സബ്സിഡി തുക | |
|---|---|---|---|---|---|
| | | | | പഞ്ചായത്ത് | റിവോൾവിംഗ് |

| സംരംഭം | | | | ഫണ്ട് | ഫണ്ട് |
|---|---|---|---|---|---|
| ശ്രീമതി.സുഹറ യൂസഫ് സൺബ്രാന്റ്, മെഴുകുതിരി നിർമ്മാണ കേന്ദ്രം | 25.08.2005 | 5 | 100000 | 50000 | ---- |
| ശ്രീമതി.ആസ്യ.എം.പി, ജ്യോതി മെഴുകുതിരി നിർമ്മാണ കേന്ദ്രം | 13.07.2007 | 5 | 100000 | 50000 | ---- |
| ശ്രീമതി.ബിന്ദു ഭാസ്കരൻ, വ്യാപാര കേന്ദ്രം | 11.02.2009 | 10 | 300000 | 100000 | ---- |
| ശ്രീമതി. സുബൈദ പ്രിയദർശിനി ഡയറക്ട് മാർക്കറ്റിംഗ് | 16.06.2006 | 4 | ---- | | 160000 |
| ശ്രീമതി.മൈമൂന സമദ അവിൽ നിർമ്മാണ യൂണിറ്റ് | 21.03.2005 | 5 | 25000 | 11200 | |
| ശ്രീമതി.നിഷിദ പൗർണമി അവിൽ നിർമ്മാണ യൂണിറ്റ് | 20.08.2004 | 5 | 50000 | 7000 | |
| ശ്രീമതി.സക്കീന ഹണി, തേൻ വിപണന കേന്ദ്രം | 21.03.2008 | 1 | 25000 | 25000 | |

സബ്സിഡി അനുവദിച്ച് സ്വയം തൊഴിൽ സംരംഭങ്ങളുടെ ആരംഭം മുതൽ വിവിധ ഘട്ടങ്ങളിൽ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടത് സി.ഡി.എസ് ന്റെ അനിവാര്യ ചുമതലയിൽപെട്ടതാണ്. മേൽ

വിവരിച്ചവയിൽ പല പദ്ധതികളും കൃത്യമായ മോണിറ്ററിംഗിലൂടെയും, സഹായ സഹകരണങ്ങൾ, ഉപദേശങ്ങൾ എന്നിവ വഴി നിലനിർത്താമായിരുന്നതാണ്. എന്നാൽ സബ്സിഡി വിതരണം ചെയ്തതിനു ശേഷം സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങളിൽ നിരീക്ഷണങ്ങൾ നടത്തി ആവശ്യമായ സഹായ സഹകരണങ്ങൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നൽകിയില്ല. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിലൂടെ തങ്ങളുടെ കടമ കഴിഞ്ഞു എന്ന സമീപനമാണ് പഞ്ചായത്ത് സ്വീകരിച്ചത്. കൂടാതെ തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്ന് കരാർ മുഖേന പഞ്ചായത്തിൽ സത്യവാങ്ങ് മൂലം എഴുതി തരുന്ന ഗുണഭോക്താക്കളും പഞ്ചായത്തുമായി ചമച്ച കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയും, കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ ആയത് വിനിയോഗിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക പലിശ സഹിതം തിരികെയീടാക്കേണ്ടതാണ്. നടപടിക്രമങ്ങൾ ഓഡിറ്റിൽ യഥാസമയം അറിയിക്കേണ്ടതാണ്.

## 3-26 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ.

ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനും, മറ്റ് സേവനങ്ങൾ നൽകുന്നതിനുമായി ലഭിച്ച താഴെ പറയുന്ന തുകകൾ ഓഡിറ്റ് കാലയളവ് വരേയും വിനിയോഗിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മുന്നിരിപ്പ് | ലഭിച്ച തുക | | ചെലവഴിച്ച തുക | നീക്കിയിരിപ്പ് തുക |
|---|---|---|---|---|
| 64965 | --- | പശ്ചിമഘട്ട വികസനം | ---- | 64965 |
| 28799 | 1452096 | എം.പി.ഫണ്ട് | 1353160 | 127735 |
| ---- | 600000 | ഉറവിട മാലിന്യ സംസ്കരണം | ---- | 600000 |
| ---- | 162450 | ആധാർ കാർഡ് ഇൻസെന്റീവ് | ---- | 162450 |
| 209194 | 8449 | ജലനിധി | ---- | 217643 |

| | | | | |
|---|---|---|---|---|
| 2000000 | ---- | കോർപ്പസ് ഫണ്ട് | 1858980 | 141020 |
| 303782 | ---- | | 280868 | 22914 |

മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ചെലവഴിക്കാൻ സാധിക്കാത്ത തുക തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ ഏജൻസി | തുക | ചെലവ് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|
| ശുചിത്വ മിഷൻ (ഉറവിട മാലിന്യ സംസ്കരണത്തിന്) | 6,00,000 | ---- | 6,00,000 | പദ്ധതി രൂപീകരിച്ചില്ല. തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. |
| ബ്ലോക്ക് പഞ്ചായത്ത്, കൊടുവള്ളി, (കേന്ദ്ര വിഹിതം) അങ്കണവാടി പോഷകാഹാരം പ്രോക്ട് നം.11/15-16 | 4,80,088 | 4,79,533 | 555 | വർഷാരംഭത്തിൽ മുന്നിരിപ്പായി 1,26,875/- രൂപയും, വർഷാവസാനം നീക്കിയിരിപ്പായി 1,27,430/- രൂപയുമു ണ്ടായിരുന്നു. മേൽ തുക ഉണ്ടായിരി ക്കേ വികസന ഫണ്ടിൽ നിന്നും ചെല വ് നടത്തിയിട്ടുണ്ട്. |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര് | സർക്കാർ ഉത്തരവ് നം, | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | തീയ്യതി | (തൻവർഷം) | ബക്കിയുള്ള തുക | മുതൽ | പലിശ | ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാധാ)നം. 407/10/ തസ്വ.ഭ.വ 05.02.2010 | ---- | 5567400 | 1500000 | ---- | 4067400 |
| **കാരുണ്യ ഭവന പദ്ധതി | സർക്കാർ അനുമതി ലഭിച്ചിട്ടില്ല. | 11680000 | ---- | 207223 | 302362 | 11472777 |

**കാരുണ്യ ഭവന പദ്ധതിക്കായി 2,00,00,000/- രൂപ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ഓഡിറ്റ് വർഷത്തിൽ വായ്പയെടുത്തിട്ടുണ്ട്. പലിശയിനത്തിൽ തൻവർഷം 3,05,286/- രൂപ തിരിച്ചടവാക്കനുള്ളതിൽ 3,02,362/- രൂപ അടവാക്കിയിട്ടുണ്ട്. 2016-17ൽ ഓഡിറ്റ് കാലയളവ് വരേയും വായ്പയെടുത്തിട്ടില്ല. 11,76,316/- രൂപ 2016-17 ൽ (ഓഡിറ്റ് കാലയളവ് വരെ) തിരിച്ചടവ് നടത്തിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|
| 2000-01, 2-29 | 2003-04 (പൊതു പരാമർശങ്ങൾ) | നികുതി പിരിവിൽ അലംഭാവം |
| 2000-01, 3-46 | | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,23,88,625 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,07,60,952 |
| വരവിനങ്ങളിലുള്ള നഷ്ടം | 57,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33,05,248 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,24,415 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-8 | 57,000 | | ശ്രീ.അബ്ദു റഹിമാൻ.എം.കെ, സെക്രട്ടറി |
| 3-8 | | 8,00,000 | 06.02.2016 ലെ ഭരണസമിതി അംഗങ്ങൾ (ശ്രീമതി.സൗദ ബഷീർ ഒഴികെ) ശ്രീമതി രജനി.പി.അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി i/c) [38,095.23/-വീതം 21 പേർ (800000/21=38095.23)] |
| 3-9 | | 1,86,202 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (93,101/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (93,101/-) |
| | | 3,57,801 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (1,78,900.5/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1,78,900.5/-) |
| | | 3,30763 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (1,65,381.5/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1,65,381.5/-) |
| | | 72,500 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (36,250/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (36,250/-) |
| | | 1,76,352 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (88,176/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (88,176/-) |
| | | 2,65,530 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (1,32,765/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1,32,765/-) |
| | | 1,68,475 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (84,237.5/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (84,237.5/-) |

| | | | |
|---|---|---|---|
| | | 1,62,155 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (81,077.5/-)<br>ശ്രീ.സന്തോഷ് കുമാർ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (81,077.5/-) |
| 3-10 | | 2,69,876 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (1,10,000/-),<br>ശ്രീ.സി.എസ്.സുബീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ (24,938/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1,34,938) |
| | | 92,122 | ശ്രീ.സി.എസ്.സുബീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ (46,061/-)<br>ശ്രീ.സന്തോഷ് കുമാർ. അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ (46,061/-) |
| | | 1,88,841 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (94,420.5/-)<br>ശ്രീ.തോമസ്.കെ.മാത്യൂ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (94,420.5/-) |
| | | 1,88,310 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (94,155/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ (94,155/-) |
| | | 26,201 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (13,100.5/-)<br>ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (13,100.5/-) |
| 3-18 | | 20,120 | ശ്രീ.അബ്ദു റഹിമാൻ.എം.കെ, സെക്രട്ടറി |
| ആകെ | 57,000 | 33,05,248 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1,16,80,000<br>3,02,362<br>(ബാങ്ക് പലിശ) | 05.03.2015 ലെ ഭരണസമിതി അംഗങ്ങൾ (ശ്രീമതി.ആയിഷക്കുട്ടി സുൽത്താൻ, ശ്രീ.വി.കെ.ഹുസൈൻകുട്ടി, ശ്രീമതി.ബിന്ദു വിജയൻ എന്നിവരൊഴികെ)<br>ശ്രീ.അബ്ദു റഹിമാൻ.എം.കെ, സെക്രട്ടറി,<br>ശ്രീ.സജിത്ത്.ഇ.വി, അക്കൗണ്ടന്റ്<br>ശ്രീ.സുരേഷ്.കെ.പി. വി.ഇ.ഒ<br>[5,70,588.66/- വീതം 21 പേർ (1,19,82,362/21=5,70,588.66)] |
| 3-9 | 15,43,116 | ശ്രീ.ദേവദാസൻ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ (8,61,337/-)<br>ശ്രീ.സി.എസ്.സുബീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ (6,81,779) |
| 3-13 | 2,44,175 | ശ്രീ.അബ്ദു റഹിമാൻ.എം.കെ, സെക്രട്ടറി |
| 3-15 | 1,25,000 | ശ്രീമതി.ഇ.ജെ.സ്മിത, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-16 | 2,00,000 | ശ്രീ.അഭിലാഷ്.എ.എൻ. സെക്രട്ടറി |
| 3-17 | 1,49,504 | ശ്രീ.അബ്ദു റഹിമാൻ.എം.കെ, സെക്രട്ടറി (88,436)<br>ശ്രീമതി രജനി.പി.അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി i/c) (43,710)<br>ശ്രീ.അഭിലാഷ്.എ.എൻ, സെക്രട്ടറി (17,358) |
| ആകെ | 1,42,44,157 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക നമ്പർ - 3-7, 3-11

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഖണ്ഡിക നമ്പർ - 2-2, 2-3, 2-5,3-7, 3-11

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബ്ദു റഹിമാൻ.എം.കെ, സെക്രട്ടറി | റിട്ടയേർഡ് | മുള്ളുകണ്ടി (ഹൗസ്) ചള്ളിക്കോട്, ഉണ്ണികുളം, മങ്ങാട് (പി.ഒ), കോഴിക്കോട്.673574 |
| ശ്രീമതി രജനി.പി.അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്<br>ജില്ലാപഞ്ചായത്ത് കോഴിക്കോട് | ശ്രീപത്മം, തോട്ടിൽ പീടിക, ചേവരമ്പലം(പി.ഒ)<br>കോഴിക്കോട്.673017 |
| ശ്രീ.അഭിലാഷ്.എ.എൻ, സെക്രട്ടറി | സെക്രട്ടറി<br>പുതുപ്പാടി ഗ്രാമപഞ്ചായത്ത് | വെള്ളിപ്പുറത്ത് (ഹൗസ്), പുത്തൂർ(പി.ഒ), ഓമശ്ശേരി, കോഴിക്കോട് |
| ശ്രീ.സജിത്ത്.ഇ.വി, അക്കൗണ്ടന്റ് | ലഭ്യമല്ല | ഇത്തും പൊയിൽ പറമ്പിൽ<br>സദ്ഗമയ, തൃക്കുറ്റിശ്ശേരി, |

| | | |
|---|---|---|
| | | വാകയാട്, (പി.ഒ), കോഴിക്കോട് |
| ശ്രീ.സുരേഷ്.കെ.പി. വി.ഇ.ഒ | വി.ഇ.ഒ, ലഭ്യമല്ല | കല്ലടപൊയിൽ (ഹൗസ്) പരപ്പൻപൊയിൽ, താമരശ്ശേരി, കോഴിക്കോട് |
| ശ്രീമതി.ഇ.ജെ.സ്മിത, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), നടുവണ്ണൂർ | സാരംഗി (ഹൗസ്) മേരിക്കുന്ന് (പി.ഒ) കോഴിക്കോട്.673012 |
| ശ്രീ.ദേവദാസൻ.ടി. അസിസ്റ്റന്റ് എഞ്ചിനീയർ | റിട്ടയേർഡ് | അഞ്ജലി(ഹൗസ്) കുന്ദമംഗലം (പി.ഒ) കോഴിക്കോട് |
| ശ്രീ.സി.എസ്.സുബീഷ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പുതുപ്പാടി ഗ്രാമപഞ്ചായത്ത് | ശിൽപ, അടഞ്ഞാറ്റ മീത്തൽ നെല്ലിക്കോട് (പി.ഒ) കോഴിക്കോട് |
| ശ്രീ.എ.എം.മാധവൻ. അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സൗപർണിക (ഹൗസ്), നടുവണ്ണൂർ കോഴിക്കോട് 673614 |
| ശ്രീ.തോമസ്.കെ.മാത്യു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | റിട്ടയർഡ് | കളത്തിനാൽ (ഹൗസ്) മലാപ്പറമ്പ് കോഴിക്കോട് |
| ശ്രീ.സന്തോഷ് കുമാർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ആലയം (ഹൗസ്) കോട്ടൂളി, കുതിരവട്ടം (പി.ഒ) കോഴിക്കോട് |

| ഭരണസമിതി അംഗങ്ങൾ (05.03.2015ലെ യോഗത്തിൽ പങ്കെടുത്തവർ) | | |
|---|---|---|
| പേര് | വാർഡ് നമ്പർ | സ്ഥിരം മേൽവിലാസം |
| ശ്രീ.ബിജു താന്നിക്കാക്കുഴി | 1 | താന്നിക്കാക്കുഴി വീട്, പുതുപ്പാടി, കോഴിക്കോട്. |
| ശ്രീ.ഷിജു ഐസക്ക് | 2 | മലയക്കുന്നുമ്മൽ വീട്, പുതുപ്പാടി, മൈലള്ളാംപാറ, കോഴിക്കോട്. |
| ശ്രീ.അഷറഫ് ഒതയോത്ത് | 3 | ഒതയോത്ത്, വള്ളിയാട്, പുതുപ്പാടി, കൈതപ്പൊയിൽ കോഴിക്കോട്. |
| ശ്രീമതി.സിന്ധു ജോയ് | 6 | പേട്ടയിൽ വീട്, പുതുപ്പാടി, അടിവാരം, കോഴിക്കോട് |
| ശ്രീമതി നഫീസ ജമാൽ | 7 | പനങ്കായി വീട്, പുതുപ്പാടി, അടിവാരം, കോഴിക്കോട് |

| | | |
|---|---|---|
| ശ്രീമതി.റംല റസാഖ് | 8 | ചെമ്പായി, കൈതപ്പൊയിൽ, പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.ശാരദ പുഴങ്കുന്ന് | 9 | പുഴങ്കുന്നമ്മൽ വീട്, വടക്കേപ്പുരയിൽ, കൈതപ്പൊയിൽ, പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.അംബിക മംഗലത്ത് | 11 | മംഗലത്ത് വീട്, കുപ്പായക്കോട് (പി.ഒ) പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.മോളി ആന്റോ | 12 | കിളിവേലിക്കുടി വീട്, പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.പോത്താറ്റിൽ ഷംസീർ | 13 | പോത്താറ്റിൽ വീട്, കൊട്ടാരക്കോത്ത്, പെരുമ്പള്ളി, പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.വാസന്തി രാജൻ | 14 | ക്രുവ്വപ്പട്ടച്ചാലിൻ വീട്, കൊട്ടാരക്കോത്ത് പെരുമ്പള്ളി, പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.അബ്ദുൾ മജീദ്.പി.പി | 15 | പണ്ടാരപ്പെട്ടിയിൽ, പെരുമ്പള്ളി, പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.അലീമ ഹസ്സൻ | 16 | മോളോത്ത് വീട്, കുഞ്ഞുകുളം, പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.സഹീറ ജബ്ബാർ | 17 | കുന്നത്ത് വീട്, ഏലോക്കര, പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.സി.എ.മുഹമ്മദ് | 18 | ചീരക്കുഴി, കക്കാട്, പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.മാത്യൂ.പി.സി | 19 | പുത്തൻ പറമ്പിൽ, പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.പി.പി.മുഹമ്മദ് മാസ്റ്റർ | 20 | മാപ്പിളപ്പറമ്പിൽ കക്കാട് പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.സോദരി കൃഷ്ണൻ, ചുണ്ടമലയിൽ | 21 | ചുണ്ടമലയിൽ വീട്, കക്കാട്, പുതുപ്പാടി, കോഴിക്കോട് |

| ഭരണസമിതി അംഗങ്ങൾ (06.02.2016ലെ യോഗത്തിൽ പങ്കെടുത്തവർ) | | |
|---|---|---|
| പേര് | വാർഡ് നമ്പർ | സ്ഥിരം മേൽവിലാസം |
| ശ്രീമതി. ബീന തങ്കച്ചൻ | 1 | എടക്കുടിയിൽ വീട്, കണ്ണപ്പൻക്കുണ്ട്, പുതുപ്പാടി, മൈലള്ളാംപാറ, കോഴിക്കോട്. |
| ശ്രീമതി.ഉഷകുമാരി | 2 | മേലത്തറയിൽ വീട്, മട്ടിക്കുന്ന്, പുതുപ്പാടി, മൈലള്ളാംപാറ, കോഴിക്കോട്. |
| ശ്രീമതി.ഫാത്തിമ | 3 | തേക്കുംതോട്ടം വീട്, വള്ളിയാട്, പുതുപ്പാടി, കൈതപ്പൊയിൽ കോഴിക്കോട്. |
| ശ്രീ.ഐബി റെജി | 4 | വർണേത്ത് വീട്, മുപ്പതേക്ര, പുതുപ്പാടി, അടിവാരം, കോഴിക്കോട് |
| ശ്രീ.മുരളീധരൻ.പി.വി | 5 | പുത്തൻ വീട്ടിൽ വീട്, കണലാട് പുതുപ്പാടി, അടിവാരം, കോഴിക്കോട് |
| ശ്രീ.അബ്ദുൾ സലാം | 6 | തുപ്പിനിക്കാട് വീട്, പുതുപ്പാടി, അടിവാരം, കോഴിക്കോട് |

| | | |
|---|---|---|
| ശ്രീ.മുജീബ് ഖാൻ | 7 | മാക്കണ്ടി വീട്, പുതുപ്പാടി, അടിവാരം, കോഴിക്കോട് |
| ശ്രീ.ശിഹാബുദ്ദീൻ | 8 | കിഴക്കേചാലിൽ വീട്, പുതുപ്പാടി, അടിവാരം, കോഴിക്കോട് |
| ശ്രീ.ഷൈജൽ.പി.കെ | 9 | പുഴക്കുന്നുമ്മൽ വീട്, വെസ്റ്റ് കൈതപ്പൊയിൽ, പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.ആർ.എം.അബ്ദുൾ റസാഖ് | 10 | രാരിച്ചമാക്കയിൽ, കൈതപ്പൊയിൽ, പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.അംബിക മംഗലത്ത് | 11 | മംഗലത്ത് വീട്, കുപ്പായക്കോട് (പി.ഒ) പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.എം.ഇ.ജലീൽ | 12 | മോളത്ത് വീട്, പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.ഗീത.കെ.ജി. | 13 | കുവ്വപ്പട്ടച്ചാലിൽ, കൊട്ടാരക്കോത്ത്, പെരുമ്പള്ളി, പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.മുഹമ്മദ് അഷറഫ് | 14 | വളഞ്ഞപ്പാറ വീട്, കാവുംപുറം, പെരുമ്പള്ളി, പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.കുട്ടിയമ്മ മാണി | 15 | വാഴക്കാല, പുത്തൻപുര, കാവുംപുറം, പെരുമ്പള്ളി, പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.നന്ദകുമാർ.കെ.കെ | 16 | കിളിയിൽ വീട്, കാവുംപുറം, പെരുമ്പള്ളി, പുതുപ്പാടി, കോഴിക്കോട് |
| ശ്രീ.അബ്ദുൾ ജലീൽ കോയ തങ്ങൾ | 17 | മുതിരപറമ്പത്ത് വീട്, ഏലോക്കര, പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.റീന ബഷീർ | 18 | നിലാവ് വീട്, ഈങ്ങാപ്പുഴ പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി.ജയശ്രീ | 20 | ആനക്കല്ലില്ല് വീട്, കുറുമരുക്കണ്ടി കക്കാട് പുതുപ്പാടി, കോഴിക്കോട് |
| ശ്രീമതി സലോമി | 21 | കൊച്ചു പറമ്പിൽ വീട്, കാക്കവയൽ കക്കാട് പുതുപ്പാടി, കോഴിക്കോട് |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാനവശേഷിക്കുന്ന |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി./പി.1/1039/11, 10.08.2011 | 1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി./പി.1/1039/11, 10.08.2011 | 9 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി./പി.1/1039/11, 10.08.2011 | 13 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി./പി.1/1039/11, 10.08.2011 | 19 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി./എസ്.2/948/08, 16.12.2008 | 23 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി./എസ്.1/946/09, 07.10.2009 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി./പി.1/1933/11(1), 12.01.2012 | 33 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി./എസ്.2/119/11, 13.07.2011 | 36 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി./പി.1/943/12, 17.07.2012 | 9 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി./പി.1/944/14, 04.09.2014 | 27 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി./പി.1/944/15(11), 07.10.2015 | 32 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.1/1407/16 01.08.2016 | 25 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ്കാര്യാലയം, കോഴിക്കോട്

# 1

## അനുബന്ധം - I

കെ.എസ്.എ കെ.കെ.ഡി-പി 1/2048/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 25-11-2016.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിൻെറ 2015–16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P1/2048/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 25-11-2016.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Puthuppadi Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Puthuppadi Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR
Kerala State Audit Department,
District Audit Office, Kozhikode.